# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-11/1020/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-11/1020/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ വി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ജാക്വലിൻ പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . പി . പി . സംഗീത | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി . രേഖ . കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ . അക്ഷയ് ശശിധരൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ . അർച്ചന | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ . താഹിറ പി . എ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ വിഷ്ണു സോമൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി . ധന്യ ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . അഞ്ജു ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി . മേരി ഫെർണാണ്ടസ് | വി ഇ ഒ ( ചെട്ടികാട് സർക്കിൾ ) | 01-04-2022 | 05-01-2023 |
| ശ്രീമതി . സൌമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ആഷ മോൾ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി . രാജശ്രീ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ .വിദ്യ ആർ | വി ഇ ഒ ( വളവനാട് സർക്കിൾ ) | 01-04-2022 | 27-02-2023 |
| ശ്രീ . ആന്റണി റോഷൻ കാർഡോസ് | വി ഇ ഒ ( വളവനാട് സർക്കിൾ )അധിക ചുമതല | 28-02-2023 | 09-03-2023 |
| ശ്രീ . ഹാഷിഫ് എച്ച് | വി ഇ ഒ ( വളവനാട് സർക്കിൾ ) | 10-03-2023 | 31-03-2023 |
| ശ്രീമതി . ഹാഷ്മി രാജ് | വി ഇ ഒ ( കാട്ടൂർ സർക്കിൾ ) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി . എൻ . ആർ . സീത | ഹെഡ്മിസ്ട്രസ്, എസ് . സി . എം . വി . ജി . ഗവ . യു. പി എസ് | 01-04-2022 | 01-07-2022 |
| ശ്രീ . ധനപാൽ | ഹെഡ് മാസ്റ്റർ , എസ് . സി . എം . വി . ജി . ഗവ . യു. പി എസ് | 02-07-2022 | 31-03-2023 |
| ശ്രീമതി ഹാഷ്മി രാജ് | വി.ഇ.ഒ.(ചെട്ടികാട് സർക്കിൾ) | 06-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പത്രികകളും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ബാങ്ക്പാസ് ബുക്കിലെ നീക്കിയിരുപ്പും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ജനറൽപർപ്പസ് ഫണ്ട് വാർഷികകണക്കിലെ വരവും എസിആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | എസ് സി പി ഫണ്ട് 20,000 /- രൂ ലാപ്സായി -വാർഷികകണക്കും എസിആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | മെയിന്റനൻസ് ഫണ്ട് റോഡ് ഒരു അലോട്ട്മെന്റ് സാംഖ്യയിൽ വരവ് വന്നില്ല, തുക ലാപ്സ് ആയി | 1-1-7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-8 |
| 10 | വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ജേണൽ വൌച്ചർ എന്നിവ പരിശോധിച്ചതിൽ കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടരുന്നു | 1-1-11 |
| 13 | തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ലോൺ തിരിച്ചടവ് - വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-14 |
| 16 | B4 ഷെഡ്യൂളിൽ ചെലവ് ചെയ്യാതെ തുക അവശേഷിക്കുന്നു | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്) | 1-4 |

| | | |
|---|---|---|
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 25 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും | 1-10 |
| 26 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-11 |
| 27 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-12 |
| 28 | ആവശ്യമായ ഫീസീടാക്കാതെ ലൈസൻസ് നല്കി | 1-13 |
| 29 | പഞ്ചായത്തിന്റെ അനുമതിയില്ലാതെയും നിർദ്ദേശം പാലിക്കാതെയും കെട്ടിടനിർമ്മാണങ്ങൾ പുരോഗമിക്കുന്നു | 1-14 |
| 30 | നെൽക്കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയ്ക്ക് ആനുപാതികമായി വളം വാങ്ങിയില്ല | 1-15 |
| 31 | സുഭിക്ഷ കേരളം ചെറുപയർ കൃഷിയ്ക്ക് വിത്തും വളവും - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക വരവില്ല – വികസന ഫണ്ടിൽ നിന്നുമുള്ള തുക ചെലവഴിച്ചു | 1-16 |
| 32 | മുല്ല കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചതിന് ആനുപാതികമായി ഓർഡർ നല്കിയില്ല- 8,000/-രൂപയുടെ നഷ്ടം | 1-17 |
| 33 | ജെ.എൽ.ജി ഗ്രൂപ്പിന് വിത്തും വളവും -ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിയ്ക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക നല്കി - 1,23,991/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു | 1-18 |
| 34 | വാട്ടർ ചാർജ്ജ്-കുടിശ്ശിക പെരുകുന്നു -തുടർനടപടികൾ സ്വീകരിക്കണം | 1-19 |
| 35 | പോത്ത് കുട്ടി വിതരണം (വനിത)- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നല്കി | 1-20 |
| 36 | സ്റ്റീൽ വർക്ക് - പെയിന്റിംഗിന് അധിക നിരക്ക് നൽകി | 1-21 |
| 37 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി - അപാകതകൾ | 1-22 |
| 38 | സാനിറ്റേഷൻ – പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ -മുഴുവൻ തുകയും ചെലവഴിച്ചില്ല | 1-23 |
| 39 | എച്ച് എം നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 1,99,950 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 40 | എസ് റ്റി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ - അപാകതകൾ | 1-25 |
| 41 | കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ (മാനസ)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-26 |

| | | |
|---|---|---|
| 42 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 43,17,331/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 43 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 44 | നഴ്സറി നിർമ്മാണം - പദ്ധതി തുക ചെലവഴിച്ചെങ്കിലും പൂർത്തീകരിച്ചില്ല | 1-29 |
| 45 | പ്രത്യേകകന്നുകുട്ടിപരിപാലനം - ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-30 |
| 46 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നെൽക്കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയ്ക്ക് ആനുപാതികമായി വളം വാങ്ങിയില്ല | 3-1 |
| 2 | സുഭിക്ഷ കേരളം ചെറുപയർ കൃഷിയ്ക്ക് വിത്തും വളവും - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക വരവില്ല – വികസന ഫണ്ടിൽ നിന്നുമുള്ള തുക ചെലവഴിച്ചു | 3-2 |
| 3 | മുല്ല കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചതിന് ആനുപാതികമായി ഓർഡർ നല്കിയില്ല- 8,000/-രൂപയുടെ നഷ്ടം | 3-3 |
| 4 | ജെ.എൽ.ജി.ഗ്രൂപ്പിന് വിത്തും വളവും -ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിയ്ക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക നല്കി - 1,23,991/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു | 3-4 |
| 5 | പോത്ത് കുട്ടി വിതരണം (വനിത )- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നല്കി | 3-5 |
| 6 | സ്റ്റീൽ വർക്ക് - പെയിന്റിംഗിന് അധിക നിരക്ക് നൽകി | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം :

തീയതി :

### 1-1-1 പത്രികകളും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

1.എസ്.ബി.ഐ ഇ-പെയ്മെന്റ് (6738510768) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം

31.03.2023-ലെ ബാലൻസ് തുക 83,71,912/-രൂപയെന്ന് കാണുന്നു. എന്നാൽ വാർഷികകണക്ക് പ്രകാരം 83,68,540 /- രൂപയാണ് 31.03.2023-ലെ ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും വാർഷികകണക്കിലെ തുകയും തമ്മിൽ 3,372 /-രൂപയുടെ വ്യത്യാസം കാണുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ ഇ പേയ്മെന്റ് അക്കൌണ്ടിൽ കോൺട്രാ എൻട്രി ചേർത്തത് ഡ്യൂപ്ലിക്കേഷൻ വന്നത് പരിഹരിക്കാൻ സേവ് ചെയ്യപ്പോഴാണ് വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ഒ.ബി ഉൾപ്പെടെ)ആകെ വരവ് 2,06,05,287 /- രൂപയാണ്. ചെലവ് 1,45,53,546 ( I6 13344734-+ C.C 1208812 ) ബാലൻസ് വരേണ്ടത് 60,51,741 /- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ 51,77,720 /- രൂപയാണ് ബാലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയവയുടെ ലെഡ്ജറിൽ വർഷാവസാനം ആണ് ഡിമാന്റ് എൻട്രി വരുത്തുന്നത്.

### 1-1-3 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
ഉദാ. റേഷ്യോസ്

### 1-1-4 ബാങ്ക്പാസ് ബുക്കിലെ നീക്കിയിരുപ്പും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബാങ്ക് പാസ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് തുക 4,80,672 /- രൂപയാണ്. എന്നാൽ വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ് 79,608 /- രൂപയാണ്. റീ കൺസിലിയേഷന് ശേഷം പെൻഡിംഗ് ടാസ്കിൽ 4,01,064 /- രൂപ ആർജ്ജിതഅവധി പണമാക്കുന്നതിന് സേവ് ചെയ്യപ്പോൾ ഉണ്ടായ ക്ലറിക്കൽ പിഴവ് മൂലമാണ് ഈ തെറ്റ് സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

3.എസ്.ബി.ഐ. ഓൺ ഫണ്ട്, പാസ്ബുക്ക് പ്രകാരം 2,66,00,907 രൂപയാണ് നീക്കിയിരുപ്പ്. എന്നാൽ വാർഷികണക്ക് പ്രകാരം 2,65,34,233 രൂപയാണ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെക്ക് ഇഷ്യൂഡ് നോട്ട് പെയ്ഡ് ഫ്രം ബാങ്ക് 66,674 /- രൂപയാണ് ഈ വ്യത്യാസത്തിന് കാരണം. റീ കൺസിലിയേഷൻ നടത്തി തുക ക്രമപ്പെടുത്തേണ്ടതാണ്.

### 1-1-5 ജനറൽപർപ്പസ് ഫണ്ട് വാർഷികകണക്കിലെ വരവും എസിആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ജനറൽ പർപ്പസ് ഫണ്ട് വാർഷികകണക്ക് പ്രകാരം വരവ് 2,66,62,000 /- രൂപയാണ്, എസിആർ പ്രകാരം 2,68,17,332 /- രൂപ വരവ് ഉണ്ട്, വാർഷികകണക്കിലെ തുകയും എസിആറും തമ്മിൽ 1,55,332 /- രൂപയുടെ വ്യത്യാസം ഉണ്ട്. ഈ തുക സാംഖ്യ ഹെഡ്ഡിൽ വന്നിട്ടുണ്ട്. ഇ.എം.എസ്. ലോൺ രണ്ട് പ്രാവശ്യം സോഴ്സിൽ നിന്ന് ഡിഡക്ഷൻ ചെയ്ത തുക പഞ്ചായത്തിന് സർക്കാർ അനുവദിച്ചതാണ് ഈ വ്യത്യാസത്തിന് കാരണം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-6 എസ് സി പി ഫണ്ട് 20,000 /- രൂ ലാപ്സായി -വാർഷികകണക്കും എസിആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എസ് സി പി ഫണ്ട് I(6) പ്രകാരം 34,50,351 രൂപ ചെലവുണ്ട്. എന്നാൽ, ജിയോപ്രൊജക്ട് ഉൾപ്പെടെ എസ് സി പി ഫണ്ടിനത്തിൽ തൻവർഷം 34,30,351 ചെലവ് ചെയ്തിട്ടുണ്ട് (ചെലവ് പത്രിക)(3232904 +197447 = 3430351) - I6 പ്രകാരമുള്ള ആകെ ചെലവും എസിആറും തമ്മിൽ 2,00,000 /- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഹെഡ്മാസ്റ്റർ നിർവ്വഹണം ചെയ്ത മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയിൽ ഒരു ഗുണഭോക്താവിന് അധികമായി നൽകിയ 20,000 /- രൂപ ട്രഷറിയിൽ തിരികെ ഒടുക്കുകയുണ്ടായി. ഈ

തുക ലാപ്സായിപ്പോയി. എസിആറിൽ ഈ തുക ആകെ ചെലവിൽ പ്രതിഫലിച്ച് കാണുന്നതാണ് ഈ വ്യത്യാസത്തിന് കാരണം.

1-1-7 മെയിന്റനൻസ് ഫണ്ട് റോഡ് ഒരു അലോട്ട്മെന്റ് സാംഖ്യയിൽ വരവ് വന്നില്ല, തുക ലാപ്സ് ആയി

മെയിന്റനൻസ് ഫണ്ട് റോഡ് 8253/5.12.2022 ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് തുക 20,04,333 /- രൂപ വെബ് സാംഖ്യയിൽ വരവ് വന്നില്ല. ഈ അലോട്ട്മെന്റ് ക്ലറിക്കൽ പിശക് മൂലം വെബ് സാംഖ്യയിൽ അപ്രൂവ് ചെയ്യാൻ സാധിച്ചില്ല. ഉത്തരവ് പ്രകാരമുള്ള തുക ട്രഷറിയിൽ ക്രഡിറ്റ് ആയിരുന്നെങ്കിലും സാമ്പത്തികവർഷം അവസാനിച്ചതിനാലാണ് വരവ് വരാതിരുന്നത് എന്നും തിരക്ക് മൂലം ഉണ്ടായ പിഴവ് ആണെന്നും പ്രസ്തുത അപാകതയ്ക്ക് മറുപടി ലഭ്യമാക്കി. ഇപ്രകാരമുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

ഉദാ. സ്റ്റേഷനറി എക്സ്പെൻസിനെ (90/- രൂപ) സ്റ്റേഷനറി എക്സ്പെൻസ് 2 ൽ തുടങ്ങുന്ന ഹെഡിൽ വരുന്നതിന് പകരം 4 ൽ തുടങ്ങുന്ന ഹെഡിൽ ആസ്തിയായി തെറ്റായി എൻട്രി വരുത്തി.

Electric Line Post Rearrangement 4 ൽ തുടങ്ങുന്ന ഹെഡിൽ വരേണ്ടതിന് പകരം 2 ൽ തുടങ്ങുന്ന ഹെഡിൽ ആണ് എൻട്രി വരുത്തിയത്.

1-1-9 വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിലെ തുകകളും രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാ. വസ്തുനികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഐറ്റം | വാർഷികകണക്ക് പ്രകാരം | സഞ്ചയപ്രകാരം |
|---|---|---|
| Residential Building Current Receipt | 2797949 (8614 മുൻകൂർ) 2789335 | 2933421 |
| Nonresidential Building Current Receipt | 5388869 | 6352146 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-1-10 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ജേണൽ വൌച്ചർ എന്നിവ പരിശോധിച്ചതിൽ കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ജേണൽ വൌച്ചർ എന്നിവ പരിശോധിച്ചതിൽ കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-11 സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടരുന്നു

സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലും (4,73,703/-) ജില്ലാപഞ്ചായത്ത് വിഹിതത്തിലും ( 4,73,042 ) മുന്നിരിപ്പ് തന്നെയാണ് നീക്കിയിരിപ്പ് തുക മുൻ വർഷങ്ങളിലും ഈ വ്യത്യാസം കാണുന്നു. ഈ തുക ചെലവഴിക്കുന്നതിനുള്ള നടപിടകൾ സ്വീകരിക്കേണ്ടതാണ്.

1-1-12 തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | OB | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 7,070 | 121790633 (3206035 C.C) | 12,17,97,703 | 12,17,95,932 | 1,771 |
| ക്യാഷ് ബുക്ക് പ്രകാരം | 7,070 | 121783458 | 12,17,90,528 | 12,17,88,757 | 1,771 |

വാർഷിക കണക്കും ക്യാഷ് ബുക്കുമായി വരവ് ചെലവിൽ വ്യത്യാസം നിലനിൽക്കുന്നു. തുക പൊരുത്തപ്പെടുത്തേണ്ടതാണ്.

1-1-13 ലോൺ തിരിച്ചടവ് - വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 6,23,31,115 /- രൂപയാണ് തിരിച്ചടയ്ക്കാൻ ഉള്ളത്. തൻവർഷ വാർഷികകണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ലോൺ തുക | വാർഷികകണക്ക് പ്രകാരം |
|---|---|
| OB | 6,23,31,115 |
| Receipt | 1,78,70,000 |
| Expenditure | 71,41,050 |
| Balance | 7,30,60,065 |

വാർഷികകണക്കിലെ മേൽ കണക്ക് പ്രകാരം ബാലൻസ് വരേണ്ടത് 7,30,60,065 /- രൂപയാണ്. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 7,28,31,536 /- രൂപയാണ് ലോൺ ഇനത്തിൽ ഒടുക്കുവാനുള്ളത്. 6,21,02,586 /- രൂപയാണ് മുൻവർഷം തിരിച്ചടയ്ക്കാൻ ബാലൻസ് ഉള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

1-1-14 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

## 1-1-15 B4 ഷെഡ്യൂളിൽ ചെലവ് ചെയ്യാതെ തുക അവശേഷിക്കുന്നു

ഷെഡ്യൂൾ ബി4 പ്രകാരം സെൻട്രൽ ഷെയർ ഇനത്തിൽ 28,19,099 /- രൂപ അവശേഷിക്കുന്നുണ്ട്.

സ്വച്ച് ഭാരത് മിഷൻ അക്കൌണ്ടിൽ 12,65,908 /- രൂപ അവശേഷിക്കുന്നുണ്ട്. 2022-23 വർഷം പ്രോജക്ട് വെച്ചെങ്കിലും തുക ചെലവഴിച്ചില്ല.
തുകകൾ പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 08.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 08.02.2023-ലെ തീരുമാനം നം. 3(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 45,00,25,222 | 47,37,49,786 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 31,76,61,920 | 31,25,68,902 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,28,84,506 |
| വരവ് | 12,23,74,454 |
| ആകെ | 15,52,58,960 |
| ചെലവ് | 10,82,15,367 |
| നീക്കിയിരിപ്പ് | 4,70,43,593 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം, സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | A | B | C (A+B) | D | E | | F(C-D-E) |
| വികസനഫണ്ട് പൊതു വിഭാഗം | | 4,84,29,000 | 4,84,29,000 | 91,34,837 | 3,23,21,927 | 4,14,56,764 | 69,72,236 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി പി | | 37,17,000 | 37,17,000 | 1,97,447 | 32,32,904 | 34,30,351 | 2,86,649 |
| വികസനഫണ്ട് ടി എസ് പി | | 3,12,000 | 3,12,000 | 42,566 | 2,41,861 | 2,84,427 | 27,573 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 61,58,000 | 61,58,000 | | 52,07,022 | 52,07,022 | 9,50,978 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 1,02,74,000 | 1,02,74,000 | | 82,07,072 | 82,07,072 | 20,66,928 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | - 71990 | 1,09,36,219 | 1,08,64,229 | | 90,29,636 | 90,29,636 | 18,34,593 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 4308604 | 2,06,05,287 (16296683) | | | 1,45,53,546 | 1,45,53,546 | 60,51,741 ( BANK BALANCE 5177720) 8,74,021 (TREASURY BALANCE) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 219 | 21,78,08,262 | 170 | 11,79,96,592 | 9 | 40 | 77.6 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 29,12,200 | 296 |
| വിധവാ പെൻഷൻ | 1,51,88,200 | 1681 |
| വാർദ്ധക്യകാല പെൻഷൻ | 4,05,94,300 | 5560 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 80,30,800 | 789 |
| അവിവാഹിത പെൻഷൻ | 25,06,800 | 262 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,070 | 16,53,358 | 16,60,428 | 16,58,657 | 1,771 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12,01,30,100 | 12,01,30,100 | 12,01,30,100 | 0 |
| ആകെ | 7,070 | 12,17,83,458 | 12,17,90,528 | 12,17,88,757 | 1,771 |

എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.7.2023 തീയതിയിൽ 02:45 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,981/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ.(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-10 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6.5.2023-ലെ തീരുമാനം 3 പ്രകാരം "അനധികൃതമായി പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പിഴ ചുമത്തി പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനുമായി സെക്ഷൻ ക്ളർക്കിന് ഉത്തരവ് നല്കി വാർഡ്തല ലിസ്റ്റ് തയ്യാറാക്കാൻ ശുപാർശ ചെയ്തു". ആയത് ഉടൻതന്നെ നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 9.03.2023-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ശുപാർശചെയ്തതനുസരിച്ച് 2018-19

വരെയുള്ള ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. മാർച്ചിൽ ജീവനക്കാർ നേരിട്ട് ഡിമാന്റ്നോട്ടീസ് നല്കിയതായും പറയുന്നു. സെപ്തംബറിൽ ഗ്രാമസഭയുടെകൂടെയും ജനുവരിയിൽ എല്ലാ വാർഡുകളിലും നികുതിപിരിവിനായി ക്യാമ്പുകൾ സംഘടിപ്പിച്ചും വസ്തുനികുതി പിരിവ് 100% നേടിയിട്ടുണ്ട്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതുവരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് യോഗങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. മറ്റ് വരവിനങ്ങൾക്ക് കുടിശ്ശിക ഇല്ല. സ.ഉ.(കൈ)നം. 117/2022LSGD/01.06.2022 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് എഴുതി സൂക്ഷിക്കുന്നില്ല. സഞ്ചയ കുടിശ്ശിക രജിസ്റ്റർ പ്രകാരം കൂടുതൽ തുക കുടിശ്ശിക വരുത്തിയിട്ടുള്ള 5 വ്യക്തികൾക്കും ഒരു സ്ഥാപനത്തിനുമെതിരെ തൻവർഷം കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ബജറ്റിലെ വസ്തുനികുതി വരവ് 1,250,000/-രൂപയും സഞ്ചയ വരവ്-89,28,953/-രൂപയും ILGMS വരവ് 83,23,873/-രൂപയുമാണ്. സഞ്ചയവരവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ്(ഡാറ്റാ പ്യൂരിഫിക്കേഷൻ, മുൻവർഷങ്ങളിൽ അഡ്വാൻസായി അടച്ച തുക) ഉള്ളതുമൂലമുള്ള വ്യത്യാസമേ ILGMS വരവുമായി ഉള്ളൂവെങ്കിലും ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കാമെന്ന് പ്രതീക്ഷിച്ചതിനാൽ ഇവ ബജറ്റിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും രണ്ട് പ്രാവശ്യം പത്രപരസ്യം ചെയ്തിട്ടും മതിയായ എണ്ണം ഉദ്യോഗാർത്ഥികളെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതിനാൽ ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.06.2023ല (9) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന തീരദേശ റോഡിനിരുവശത്തുമായി പ്രഥമം,ദ്വീതീയം എന്നീ രണ്ടു മേഖലകൾ മാത്രമാണ് ഇപ്പോഴും നിലനിർത്തിയിട്ടുള്ളത്.ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമത്തിലുള്ള മാറ്റങ്ങൾ, വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിട നമ്പരുകൾ നല്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കൽ, നികുതിയിളവ് നേടിയശേഷം പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.(ഉദാഹരണങ്ങൾ ഖണ്ഡിക 1-11 ൽ) ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്ററിൽ 2022-23 സാമ്പത്തികവർഷത്തെ അനധികൃതനിർമ്മാണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും തൻവർഷം 3 ഇരട്ടി നികുതി ഈടാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കി ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ 24 എണ്ണം തീരദേശപരിപാലന

അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ തീർപ്പാക്കിയിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള 9 മൊബൈൽ ടവറുകളുടെയും വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല. പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ ആലപ്പുഴ റേഡിയോ നിലയം പോലെയുള്ള സ്ഥാപനങ്ങൾ ഉള്ളതിനാൽ വരുമാന വർദ്ധനവിനായി തീരുമാനമെടുക്കാവുന്നതാണ്.

<u>തൊഴിൽ നികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കറാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ 19 റേഷൻകട ലൈസൻസികളിൽനിന്നും 12 കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നുണ്ട്. ഈ വിഭാഗത്തിലുള്ളവരുടെ കൂടി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഈടാക്കേണ്ടതാണ്.

<u>വിനോദ നികുതി</u>

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

<u>നികുതിയേതര വരവുകൾ</u>

ദേശീയപാതാ വികസനത്തിന്റെ ഫലമായി പഞ്ചായത്തിൽ നിരവധി വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുനീക്കുകയും പുതിയവ നിർമ്മിക്കുയും ചെയ്യുന്നുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

<u>ആസ്തികളിൽ നിന്നുള്ള ആദായം</u>

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഴയകെട്ടിടം പൊളിച്ചത് എന്നിവയും തൻവർഷം ലേലംചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റ ആസ്തിയിൽ ഫലവൃക്ഷങ്ങളുണ്ടെങ്കിൽ അവയും പൂർണ്ണമായും ലേലം ചെയ്യേണ്ടതാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള പ്രീതികുളങ്ങരം സ്റ്റേഡിയത്തിൽ കെയർടേക്കറെ നിയമിച്ച് വിവിധ തരത്തിൽ ഫീസീടാക്കുന്നത് പഞ്ചായത്തിന് വരുമാനവർദ്ധനവിന് സഹായകരമാകുന്നുണ്ട്.

<u>1-11 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ</u>

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6-ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഇതിൽ നിന്നും വ്യത്യസ്തമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

1) ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡിൽ ജോസഫ് ഡോമനിക്, നീതു മധുരിപൻ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| കെട്ടിട നമ്പർ/ വിസ്തീർണ്ണം | ഉപയോഗക്രമം | ഇളവുകൾ |
|---|---|---|
| 1/624A-561.33m2 | പാർപ്പിടാവശ്യം<br>താഴത്തെനില | 1.5 മീറ്ററിൽ കുറവ് വഴിസൌകര്യം(10% ഇളവ് )<br>ദ്വിതീയമേഖല ഇളവ് -10% |
| 1/624B-614.11m2 | ഹോംസ്റ്റേ<br>മുകളിലത്തെ നില | 1.5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം<br>ദ്വിതീയമേഖല ഇളവ് -10% |

കെട്ടിടങ്ങൾ നിലവിൽ എന്ത് ആവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നും പ്രസ്തുത കെട്ടിടത്തിലേക്കുള്ള വഴിസൌകര്യത്തിന്റെ ശരിയായ വീതിയും പരിശോധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന്(എൻക്വയറി നം.17/19.07.2023) പ്രസ്തുത കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ 1.5 മീറ്ററിലധികം വഴി സൌകര്യം ഉള്ളതാണെന്നും സഞ്ചയയിൽ മാറ്റം വരുത്തി നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

2) സിന്ധു ദേവസ്വംവെളി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യകെട്ടിടം പലകാലങ്ങളിലായി പണി പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗങ്ങൾക്ക് ഉപയോഗക്രമങ്ങളും വഴി സൌകര്യവും വ്യത്യസ്തമായി നൽകിയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. കെട്ടിടങ്ങളുടെ നിലവിലെ നികുതി നിർണ്ണയവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ//വിസ്തീർണ്ണം | ഉപയോഗക്രമം | നികുതി നിരക്ക് | വഴിസൌകര്യം വർദ്ധനവ്/ഇളവ് |
|---|---|---|---|---|
| 1 | 3/424A, താഴത്തെ നില 16m2 | 100m2 വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾ | @45 | 1.5 മീറ്ററിൽ കൂടുതൽ |
| 2 | 3/424B,താഴത്തെ നില 16.8m2 | ,, | @45 | ,, |
| 3 | 3/424C താഴത്തെ നില 16.8m2 | ,, | @45 | ,, |
| 4 | 3/424D താഴത്തെ നില 6.45m2 | ,, | @45 | ,, |
| 5 | 3/424E -20.83m2 ഒന്നാംനില നില | 100m2ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | @60 | 5 മീറ്ററിൽ കൂടുതൽ 20%വർദ്ധനവ് |
| 6 | 3/424F-238m2 | പാർപ്പിടാവശ്യം | @5 | 1.5 മീറ്ററിൽ കൂടുതൽ |
| 7 | 3/424G-35.77m2 ഒന്നാംനില | 100m2ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | @60 | 1.5 മീറ്ററിൽ കൂടുതൽ മേൽക്കൂര ഇളവ് 10% |

| | | | | |
|---|---|---|---|---|
| 8 | 3/424H-19.75m2 ഒന്നാംനില | ,, | @60 | 5 മീറ്ററിൽ കൂടുതൽ 20% വർദ്ധനവ് |
| 9 | 3/424I -19.75m2 ഒന്നാംനില | ,, | @60 | ,, |
| 10 | 3/424J-22.67m2 ഒന്നാംനില | ,, | @60 | ,, |
| 11 | 3/424K-21.79m2 താഴത്തെ നില | 100m2 വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യകെട്ടിടം | @45 | ,, |
| 12 | 3/424L-22.67m2 താഴത്തെ നില | 100m2 കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടം | @60 | ,, |

കെട്ടിട നമ്പർ 424 E മുതൽ L വരെ 2013ന് ശേഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണ്. കെട്ടിടനമ്പർ 424 G, F എന്നിവയ്ക്ക് 5 മീറ്ററിൽ കൂടുതൽ വഴിസൌകര്യം നല്കാത്തതിനാൽ നികുതിനിർണ്ണയത്തിൽ 20% കുറവും, കെട്ടിട നമ്പർ 424Kയെ 100m2 വരെയുള്ള കെട്ടിടമായി നികുതി നിർണ്ണയിച്ചതിനാൽ ഒരു ചതുരശ്രമീറ്ററിന് 15/-രൂപ പ്രകാരവും വസ്തു നികുതിയിൽ കുറവ് ഉണ്ടായി. വിശദീകരണവും പ്രസ്തുത കെട്ടിടങ്ങളുടെ യഥാർത്ഥത്തിലുള്ള വഴിസൌകര്യം സംബന്ധിച്ച വിവരവും രേഖാമൂലം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.15/19.07.2023) നല്കിയതിന് 424A മുതൽ 424/D വരെയുള്ള കെട്ടിടങ്ങൾ 2013-14ൽ നികുതി നിശ്ചയിച്ചവയും ആ സമയത്ത് കെട്ടിടത്തിനു മുന്നിലുള്ള റോഡ് 4 മീറ്റർ വീതിയുള്ളതായിരുന്നുവെന്നും എന്നാൽ 424 E മുതൽ L വരെയുള്ള കെട്ടിടങ്ങൾ നിലവിൽ വന്നപ്പോൾ 6 മീറ്റർ വീതിയുണ്ടെന്നും ഡാറ്റാപ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന മുറയ്ക്ക് മാറ്റം വരുത്തി നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

3) എൻ.കെ.നളിനകുമാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 502.26 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ (5/777A) താഴത്തെ നില കൺവെൻഷൻ സെന്റർ എന്ന ഗണത്തിലും മുകളിലത്തെ നില 502.26ച.മീറ്റർ (777B) പാർപ്പിടാവശ്യം എന്ന ഗണത്തിലും ഉൾപ്പടുത്തിയാണ് 2017-18-ൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി സ്ഥാപനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിനെതുടർന്ന് സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിടം പൂർണ്ണമായും കൺവെൻഷൻ സെന്ററാണെന്നും ആവശ്യത്തിന് പാർക്കിംഗ് സൌകര്യം ഇല്ലായെന്നും പെർമിറ്റില്ലാതെയാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതെന്നും ബിൽഡിംഗ് റൂളിന്റെ ലംഘനവും പഞ്ചായത്തിന് ബോധ്യപ്പെട്ടതിനെതുടർന്ന് ക്രമവത്ക്കരണത്തിന് അപേക്ഷ സമർപ്പിക്കുവാൻ ഉടമസ്ഥനോട് ആവശ്യപ്പെട്ടുവെങ്കിലും ടിയാൾ അപേക്ഷ സമർപ്പിക്കുകയോ കെട്ടിടം ക്രമവത്ക്കരിച്ച് നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തതായി കാണുന്നില്ല. തെറ്റായ നികുതി നിർണ്ണയം മൂലം ഭീമമായനഷ്ടം പഞ്ചായത്തിന് ഉണ്ടായ വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചതിന് വിശദീകരണങ്ങൾ ആവശ്യപ്പെട്ടതായി കാണുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇപ്പോഴും കത്തിടപാടുകൾ തുടരുന്നതായി കാണുന്നു. നിലവിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വലിയതുക നഷ്ടമായിക്കൊണ്ടിരിക്കുന്നു. നികുതി പുനർനിർണ്ണയിച്ച് ആയത് ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994-ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും ലൈസൻസ് രജിസ്റ്റർ, സഞ്ചയ ഡാറ്റാബെയ്സ് എന്നിവയുമായി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | വിലാസം | ഉപയോഗം | ലൈസൻസ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജ്യോതിഷ് കെ.നാഥ് 9/481A | ഡന്റൽ ക്ലിനിക്ക് | -- |
| 2 | കെ.കെ.രാജി 4/653A | പെട്രോൾ പമ്പ് | 29 |
| 3 | ജോമോൻ ജോൺ. ജെ.ജെ.ഫ്യൂവൽസ് | " | -- |
| 4 | രേഷ്മ നന്ദൻ2/313D | ഹോമിയോ ക്ലിനിക്ക് | -- |
| 5 | പി.വി.സുഭാഷ് പള്ളിപ്പറമ്പിൽ ഹൌസ് 5/925A,Bഫ്ളോർടെസ് | കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, കയറ്റുമതി | 20 |
| 6 | മോംമ്സ് മാജിക് റസ്റ്റോറന്റ് 4/644A | റസ്റ്റോറന്റ് | 15 |
| 7 | വിഷ്ണു ടി.എസ്., തയ്യിൽ18/162 | ഡെന്റൽ ക്ലിനിക്ക് | |
| 8 | ആര്യാസ് ഹോട്ടൽ | ഹോട്ടൽ | 50 |
| 9 | 1) ജിതേന്ദ് കെ.ആർ., 2) ശശി കെ.കെ. 3) ജോർജ്കുട്ടി പി.എ., 4) അജിത്ത് വർഗീസ് | 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവർത്തികൾ | |

| | | | |
|---|---|---|---|
| | 5) മിനി ശശിധരകുറുപ്പ്<br>6) സിബി ഫ്രാൻസിസ് | ഏറ്റെടുത്തു നടത്തിയ കരാറുകാർ | |
| 10 | പഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കി നൽകുന്ന എഞ്ചിനീയർ, സൂപ്പർവൈസർ തുടങ്ങിയവർ | | |

സഞ്ചയ ഡാറ്റാ ബേസിൽ ആശുപത്രികൾ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| | |
|---|---|
| 1 | കെ.സജീവൻ, കരിങ്ങാട്ടക്കുഴി,8/533,535 |
| 2 | 9/638A.ഡോ.മിനി |
| 3 | 11/518, ഡോ.എസ്.കെ.മൂർത്തി |
| 4 | 11/684A, ജോസഫ് |
| 5 | 21/597, മധുസൂദന പണിക്കർ |

മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/14.07.2023) നല്കിയതിന് പ്രസ്തുത വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതുപ്രകാരം മേൽസൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻവ്യാപാരികൾ) തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഡിമാന്റ് ചെയ്ത് നികുതി ഈടാക്കേണ്ടതുമാണ്.

1-13 ആവശ്യമായ ഫീസീടാക്കാതെ ലൈസൻസ് നല്കി

2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്.

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് പുതുക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഫീസ്

ഈടാക്കിയിട്ടുണ്ട്. 2021-22 ലെ ഓഡിറ്റിൽ ഇവയുടെ മൂലധന നിക്ഷേപം (പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്) അടിസ്ഥാനപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നിർദ്ദേശിച്ചതനുസരിച്ച് ഫീസിനത്തിൽ കുറവ് വന്ന തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് ലൈസൻസ് ഫീസീടാക്കിയിരിക്കുന്നത്.

| ക്രമ നം. | സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അബാദ് ടർട്ടിൽ ബീച്ച് റിസോർട്ട്1/140 | PCB\ALP\ICO-6371 \2020.<br>1373 ലക്ഷം<br>(13.73 കോടി) | 4,000 | 15,000 | 9,000 |
| 2 | എൻ.സി.ജോൺ | PCB\ALP \UCO132/2007 /30.06.2018 | 4,000 | 5,000 | 1,000 |
| ആകെ | | | | | 10,000 |

ആവശ്യമായ ഫീസീടാക്കാതെ ലൈസൻസ് നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/14.7.2023) നൽകിയതിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽനിന്നും ഫീസ് ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി നല്കിയത്. ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം ആവശ്യമായ ഫീസ് ഈടാക്കി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

1-14 പഞ്ചായത്തിന്റെ അനുമതിയില്ലാതെയും നിർദ്ദേശം പാലിക്കാതെയും കെട്ടിടനിർമ്മാണങ്ങൾ പുരോഗമിക്കുന്നു

20.06.2022-ലെ സർക്കുലർ RB3/178/2020-തസ്വഭവ പ്രകാരം ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച്, ഷെഡ്ഡോ മറ്റ് നിർമ്മാണ പ്രവർത്തികളോ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് അടിയന്തിരമായി പൊളിച്ചു നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചു പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. അമ്പലപ്പുഴ താലൂക്ക് ഓഫീസ് മുഖാന്തിരം 28.01.2023-ന് ലഭിച്ചിട്ടുള്ള ഒരു പരാതിയിൽ പഞ്ചായത്തിലെ നാലാം വാർഡിൽ ഓർമ്മ മാർബിൾ കെട്ടിടത്തിനടുത്തായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് മറ്റ് വീടുകളുടെ മതിലിനോട് ചേർന്ന് ചട്ടപ്രകാരമുള്ള സ്ഥലം വിടാതെ ഒരു ഹോട്ടൽകെട്ടിടം പണിയുന്നതായും, പരാതി ലഭിച്ചതിനെ തുടർന്ന് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നല്കിയതായും എന്നാൽ ഇതിനെ അവഗണിച്ച് തുടർന്നും നിർമ്മാണം പുരോഗമിക്കുന്നതായും പറയുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/19.07.2023) പ്രസ്തുത കെട്ടിടത്തിന് നിലവിൽ കെട്ടിടനമ്പരുള്ളതാണെന്നും എന്നാൽ ഉടമ പെർമിറ്റ് ഇല്ലാതെ ടിൻ ഷീറ്റ് ഉപയോഗിച്ച് കെട്ടിടത്തിന് മുകളിൽ നടത്തിയ നിർമ്മാണം കെ.പി.ബി.ആർ 2019 പാലിക്കാതെയുള്ളതാണെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതഭാഗം പൊളിച്ചു നീക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ് മറുപടി നല്കിയത്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 6.8.2022-ലെ 4-ാം നമ്പർ തീരുമാനപ്രകാരം നാഷണൽ ഹൈവേയുടെ ഇരുവശത്തും നിർമ്മാണാനുമതി ഇല്ലാതെ പണിയുന്ന കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത

നോട്ടീസ് നല്കി അനധികൃത നിർമ്മാണം തടയുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള നിർമ്മാണങ്ങളിന്മേൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതായും പറയുന്നു.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ സർക്കാർ ഉത്തരവനുസരിച്ചുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 നെൽക്കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയ്ക്ക് ആനുപാതികമായി വളം വാങ്ങിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 39/23 |
| അടങ്കൽ തുക | 32385<br>(വികസന ഫണ്ട് - ജനറൽ)<br>11613<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 43998 |
| ചെലവ് തുക | വികസനഫണ്ട് – 32385<br>(ബിൽ നം. 4/03.12.2022- 8010)<br>(ബിൽ നം. 7/03.12.2022- 24375)<br>ഗുണഭോക്തൃ വിഹിതം – 8125<br>(ചെക്ക് നം. 116099 തീയതി- 30.03.2023)<br>ആകെ – 40510 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം (സ്പിൽ ഓവർ) എന്ന പ്രോജക്ട് പ്രകാരം 8,010/-രൂപ കൂലി ചെലവ് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. 2500 കി.ഗ്രാം. (250 പായ്ക്കറ്റ്) LIME വാങ്ങിയ ഇനത്തിൽ KERALA AGRO INDUSTRIES CORPORATION LIMITED -ന്റെ ഇൻവോയ്സ് നം. AMB/432/22-23/03.02.23 പ്രകാരം 32,500/-രൂപ നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഒരു പായ്ക്കറ്റ് LIME- ന് 130 രൂപ വില ഈടാക്കുന്നതിൽ 25% തുക (32.50രൂപ) ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ രസീത് പ്രകാരം 141 പേരുടെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക (141 X 32.50 = 4582.50) മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 250 പായ്ക്കറ്റിന്റെ ഗുണഭോക്തൃ വിഹിതം ലഭ്യമാകാതെയാണ് 250 എണ്ണം LIME പായ്ക്കറ്റിന് ഓർഡർ കൊടുത്തിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും 250 പായ്ക്കറ്റിന്റെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുകയായ 8,125/- രൂപ മാറി നല്കി. നിലവിൽ, വിതരണം ചെയ്യാതെ അവശേഷിക്കുന്ന 109 പായ്ക്കറ്റ് LIME-ന്റെ വിലയായ 14,170/-രൂപ (വികസന ഫണ്ടിൽ നിന്നും 10,628/-രൂപ + തനത് ഫണ്ടിൽ നിന്നും 3,542/-രൂപ ) ചെലവഴിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനും വിതരണം ചെയ്യാതെ അവശേഷിക്കുന്ന LIME ന്റെ നിലവിലെ അവസ്ഥ അറിയിക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/15.07.2022) വിതരണം ചെയ്യാൻ ബാക്കി നില്ക്കുന്ന 109 പായ്ക്കറ്റ് LIME- ന്റെ വിതരണം നടന്ന് കൊണ്ടിരിയ്ക്കുന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, കൃഷി ഓഫീസർ നിലവിൽ 2022-23 (28.03.2023) വർഷത്തിന് ശേഷം നാളിതുവരെ

ഗുണഭോക്തൃ വിഹിതം പിരിക്കുവാനായി രസീത്ബുക്ക് കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. ഇതിൽനിന്നും കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. വിതരണം ചെയ്യാത്ത LIME ന്റെ വിലയായ 14,170/-രൂപയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 3,542/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സാധനം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാമെന്ന മറുപടി പരിഗണിച്ച് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 10,628/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-16 സുഭിക്ഷ കേരളം ചെറുപയർ കൃഷിയ്ക്ക് വിത്തും വളവും - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക വരവില്ല – വികസന ഫണ്ടിൽ നിന്നുമുള്ള തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 37/23 |
| അടങ്കൽ തുക | 1180000<br>(വികസന ഫണ്ട് - ജനറൽ)<br>12500<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 130500 |
| ചെലവ് തുക | വികസനഫണ്ട് – 82500 (ബിൽ നം. 6/03.12.2022-45000)<br>(ബിൽ നം. 8/03.12.2022- 37500) ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 82500 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചെറുപയർ കൃഷിക്ക് വിത്തും വളവും എന്ന പ്രോജക്ടിൽ ചെറുപയർ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ചെറുപയർ വിത്ത്, വളം (75% സബ്സിഡിയോടെ) എന്നിവ വിതരണം ചെയ്യുകയാണ് ലക്ഷ്യം. ചെറുപയർ വിത്തുകൾ 321.43 കി.ഗ്രാം KERALA AGRO INDUSTRIES CORPORATION LTD- ൽ നിന്നും സപ്ലൈ ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം. AMB 241/22-23 തീയതി-26.11.2022). കൂടാതെ, ടി പ്രോജക്ട് പ്രകാരം Vermi Compost 3125 കി.ഗ്രാം 16 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് KERALA AGRO INDUSTRIES CORPORATION LTD- ന് തുക നല്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വികസന ഫണ്ട് വിഹിതം 12 രൂപയും ഗുണഭോക്തൃ വിഹിതം 4 രൂപയും ആണ് ഒരു കി. ഗ്രാമിന് ചെലവഴിയ്ക്കാവുന്നത്. ഫയൽ പരിശോധിച്ചതിൽ, വികസന ഫണ്ട് ഇനത്തിൽ 3125 കി.ഗ്രാമിന് ചെലവഴിയ്ക്കേണ്ട തുകയായ 50,000/-രൂപയിൽ 37,500/- രൂപ സ്ഥാപനത്തിന് മാറി നല്കിയിട്ടുണ്ട്. എന്നാൽ സാധനം ലഭ്യമായതിന്റെ ബിൽ ഓഫ് സപ്ലൈ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചിട്ടില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, Vermi Compost ലഭ്യമായിട്ടില്ല എന്നും വ്യക്തമായി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.07.2022) ലഭ്യമാക്കിയ മറുപടിയിൽ Vermi Compost കർഷകർക്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കാരണം, വിതരണ രജിസ്റ്റർ പ്രകാരം 11.2022-ൽ

321.43 കി.ഗ്രാം. ചെറുപയർ വിത്തുകൾ ഗ്രൂപ്പുകൾ കൈപ്പറ്റിയിട്ടുണ്ട്. ബിൽ നം.8/22-23 തീയതി 3.12.2022 പ്രകാരം Vermi Compast-ന്റെ വിലയുടെ 75% തുക (37500 രൂപ) Kerala Agro Industries Corporation Limited-ന് നൽകിയിട്ടുണ്ട്. എന്നാൽ, സ്ഥാപനം നാളിതുവരെ Vermi Compost കൃഷി ഓഫീസിലേയ്ക്ക് എത്തിച്ചിട്ടില്ല. ടി പ്രോജക്ട് വിത്ത് നൽകി ആവശ്യമായ വളവും ലഭ്യമാക്കി പൂർത്തീകരിയ്ക്കേണ്ടതായിരുന്നു. വിളവെടുപ്പിന് 3 മാസം മാത്രം ആവശ്യമായ വിത്ത്(ചെറുപയർ)നൽകി നാളിതുവരെയായിട്ടും വളം വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ടി വളം ഇനി ലഭ്യമാക്കിയാൽ തന്നെയും പ്രസ്തുത പദ്ധതിക്കായി വിനിയോഗിക്കാൻ സാധ്യമല്ലാത്തതിനാൽ ചെലവ് തുകയായ 3,7,500/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

1-17 മുല്ല കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചതിന് ആനുപാതികമായി ഓർഡർ നല്കിയില്ല- 8,000/-രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 140/23 |
| അടങ്കൽ തുക | 101250<br>(വികസന ഫണ്ട് - ജനറൽ)<br>33750<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 135000 |
| ചെലവ് തുക | വികസനഫണ്ട് – 101250 (ബിൽ നം. 28/28.03.2023<br>-101250)<br>ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 101250 |

മുല്ലകൃഷി വികസനം എന്ന പ്രോജക്ടിൽ ഹരിതശ്രീ എ - ഗ്രേഡ് ക്ലസ്റ്റർ ഇക്കോഷോപ്പിലെ ബിൽ (നം. 17520, തീയതി – 13.02.2023, തുക – 135000/- രൂപ) പ്രകാരം 13500 എണ്ണം മുല്ലതൈ 10 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുമുള്ള തുക (101250/-) സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. രസീത് ബുക്ക് പരിശോധിച്ചതിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 31,750/-രൂപ (12700 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക) പിരിച്ച് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. 800 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതം പിരിയ്ക്കാതെയാണ് 13500 എണ്ണം മുല്ലത്തൈ വാങ്ങിയതെന്ന് വ്യക്തമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ 13500 എണ്ണം മുല്ലതൈ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം, ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുക ഒടുക്കിയ 12700 എണ്ണം മുല്ലതൈ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.07.2022) ലഭ്യമാക്കിയ മറുപടിയിൽ, 800 എണ്ണം മുല്ല തൈകൾ വിതരണം ചെയ്യാൻ പറ്റാതെ കേട് വന്ന് പോയിട്ടുള്ളതാണെന്നും 800 എണ്ണം മുല്ല തൈകൾ വിതരണക്കാരിൽ നിന്നും ഇറക്കി വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതാണെന്നുമാണ്. എന്നാൽ, 2022-23 വർഷത്തെ ഗുണഭോക്തൃ വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ, ഇപ്രകാരം വിതരണം ഇനി സാധ്യമാകില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ, 800 എണ്ണം മുല്ല തൈയുടെ വിലയായ 6,000/-രൂപ (800x7.5 രൂപ)

നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ ബാധ്യതയായി കണക്കാക്കി ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

1-18 ജെ.എൽ.ജി ഗ്രൂപ്പിന് വിത്തും വളവും -ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിയ്ക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക നല്കി - 1,23,991/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 36/23 |
| അടങ്കൽ തുക | 123991<br>(വികസന ഫണ്ട് - ജനറൽ)<br>50000<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 173991 |
| ചെലവ് തുക | വികസനഫണ്ട് – 123991 (ബിൽ നം. 5/02.12.2022)<br>ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 123991 |

ജെ.എൽ.ജി ഗ്രൂപ്പിന് വിത്തും വളവും (സ്പിൽ ഓവർ) പ്രോജക്ട് പ്രകാരം ROYAL MEAL 5904 കി.ഗ്രാം 28 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് KERALA AGRO INDUSTRIES CORPORATION LTD- ന് തുക നല്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വികസന ഫണ്ട് വിഹിതം 21 രൂപയും ഗുണഭോക്തൃ വിഹിതം 7 രൂപയും ആണ് ഒരു കി. ഗ്രാമിന് ചെലവഴിക്കാവുന്നത്. ഫയൽ പരിശോധിച്ചതിൽ, വികസന ഫണ്ട് ഇനത്തിൽ 5904 കി.ഗ്രാമിന് ചെലവഴിക്കേണ്ട 75% തുകയായ 1,23,991/-രൂപ സ്ഥാപനത്തിന് മാറി നല്കിയിട്ടുണ്ട്. എന്നാൽ സാധനം ലഭ്യമായതിന്റെ ബിൽ ഓഫ് സപ്ലൈ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചിട്ടില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, ROYAL MEAL ലഭ്യമായിട്ടില്ല എന്നും വ്യക്തമായി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/ 15.07.2022) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രൂപ്പുകൾക്കുള്ള വളം വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിയ്ക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക (1,23,991/-രൂപ) മാറി നല്കിയ നടപടി ക്രമ പ്രകാരമല്ല. ആയതിനാൽ, തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ചലാൻ മുഖേന ഒടുക്കേണ്ടതാണ്. 1,23,991/-രൂപയുടെ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

1-19 വാട്ടർ ചാർജ്ജ്-കുടിശ്ശിക പെരുകുന്നു -തുടർനടപടികൾ സ്വീകരിക്കണം

കേരള വാട്ടർ അതോറിറ്റിയുടെ 12.04.2022-ലെ 62374 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 4/22-ൽ ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2,45,78,072 /- രൂപ ഡിമാന്റ് ഉണ്ടായിരുന്നു. വാട്ടർ അതോറിറ്റി 1270 ടാപ്പുകളുടെ വെള്ളക്കരം ആണ് ഡിമാന്റ് ചെയ്തുവരുന്നത്. 2022-23 സാമ്പത്തിക

വർഷം 55,13,067/- രൂപ വെള്ളക്കരമിനത്തിൽ ഒടുക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 3 / 23 ലെ ഡിമാന്റ് നോട്ടിസ് നം.71768 /03.03.2023 പ്രകാരം 3,13,24,732 /- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിശ്ശിക ഒടുക്കാതെ തൻമാസ ഡിമാന്റ് മാത്രം ഒടുക്കുന്നതിനാലാണ് ഫൈൻ ഉൾപ്പെടെ വലിയ തുക ബാധ്യതയായി വരുന്നത്. കുടിശ്ശിക ഒടുക്കാത്തതിന്റെ കാരണം, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ, കുടിശ്ശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/13.07.2023) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയുടെ ഫലമായി ഉപയോഗശൂന്യമായ 380 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. 2013 മുതൽ ടാപ്പുകളുടെ വെള്ളക്കരം കൃത്യമായി അടക്കുന്നുണ്ടെന്നും, 01.07.2013 മുതൽ 67,28,578 /- രൂപ മുൻബാക്കി ഒടുക്കുവാൻ അവശേഷിച്ചിരുന്നുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എല്ലാമാസവും കൃത്യമായി വെള്ളക്കരം ഒടുക്കിയിട്ടും കുടിശിക തുക ഒടുക്കാതെ വന്നതിനാലാണ് ഫൈൻ ഇനത്തിൽ കോടികൾ ബാധ്യത വന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഫൈൻ ഉൾപ്പെടെയുള്ള ഗണ്യമായ കുടിശ്ശിക തീർപ്പാക്കി തരുവാനാവശ്യമായ ഉചിതനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉപയോഗശൂന്യമായ ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ് ഒടുക്കിയതിന് ശേഷം ഡിമാന്റ് തുക പുതുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പോത്ത് കുട്ടി വിതരണം (വനിത)- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പ്രോജക്ട് നം. | 247/23 |
| അടങ്കൽ തുക | വികസനഫണ്ട് – 540000<br>ഗുണഭോക്തൃ വിഹിതം – 540000<br>ആകെ – 1080000 |
| ചെലവ് തുക | വികസനഫണ്ട് – 72000 (ബിൽ നം .12/31.03.23)<br>ഗുണഭോക്തൃ വിഹിതം – 72000 (ചെക്ക് നം. – 116096 തീയതി-28.03.23)<br>ആകെ – 144000 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പോത്ത് കുട്ടി വിതരണം (വനിത) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, 2 പേരടങ്ങുന്ന വനിതാ ഗ്രൂപ്പിലെ ഓരോ അംഗത്തിനും ഓരോ പോത്തിൻകുട്ടിയെ വീതം നല്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ 6,000/- രൂപയും വികസന ഫണ്ടിൽ നിന്നും 6,000/-രൂപയും ചെലവഴിച്ച് 12,000/-രൂപ നിരക്കിൽ GEE FARM, മഞ്ഞിലക്കാട്ട് വെളി, വയലാർ പി ഒ, ചേർത്തല – യിൽ നിന്നും 12 എണ്ണം പോത്തിൻകുട്ടിയെ വാങ്ങിയിട്ടുണ്ട്. കൈപ്പറ്റ് രേഖകൾ പ്രകാരം 12ാം വാർഡിലെ ഏദൻസ് ഗ്രൂപ്പിലെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത് ശ്രീമതി കമലമ്മ, പുന്നയ്ക്കൽ, ശ്രീമതി ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ എന്നീ വ്യക്തികളാണ്. ഗുണഭോക്തൃ ലിസ്റ്റിൽ, ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്ന പേരിന്റെ ബ്രാക്കറ്റിൽ ആണ് ശ്രീമതി കമലമ്മ, പുന്നയ്ക്കൽ എന്ന പേര് ചേർത്തിട്ടുള്ളത് എന്ന് കാണുന്നു. രസീത് ബുക്ക് പരിശോധിച്ചതിൽ, ശ്രീമതി എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്ന പേരിന്റെ ബ്രാക്കറ്റിൽ ആണ് ശ്രീമതി. കമലമ്മ, പുന്നയ്ക്കൽ എന്ന പേര് ചേർത്തിട്ടുള്ളത് എന്നും കാണുന്നു. ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ എന്നയാളുടെ അപേക്ഷ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിലും മേൽ പരാമർശിച്ച ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിലും ഒരു വീട്ടിലെ അംഗങ്ങൾ ആണെന്ന് വ്യക്തമായി (റേഷൻ കാർഡിന്റെ പകർപ്പ്). പോത്ത് കുട്ടിയെ ഇൻഷുറൻസ് ചെയ്ത രേഖകളിൽ ശ്രീമതി എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്നയാളുടെ പേരിലാണ് പോത്തുകുട്ടിയെ ഇൻഷുർ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാണ്. ഇപ്രകാരമുള്ള രേഖ ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ

അപേക്ഷയുടെ ഒപ്പം സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി കമലമ്മ, പുന്നയ്ക്കൽ, ശ്രീമതി എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്നിവർ സമർപ്പിച്ച അപേക്ഷയോ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23 / 19.07 2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ഒരു റേഷൻ കാർഡിലെ 2 അംഗങ്ങൾക്ക് ആനുകൂല്യം നല്കിയത് ക്രമ പ്രകാരമല്ല. ആയതിനാൽ, 6,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-21 സ്റ്റീൽ വർക്ക് - പെയിന്റിംഗിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ സ്റ്റീൽ വർക്കിന് സ്പെസിഫിക്കേഷൻ കോഡ് 10.1 (Structural Steel Work In Single Section Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer All Complete) പ്രകാരം 105.72/ Kg നിരക്കും സ്റ്റീൽ വർക്കിൽ പെയിന്റിംഗിനായി സ്പെസിഫിക്കേഷൻ കോഡ് 13.52.1 (Finishing With Epoxy Paint (Two Or More Coats) At All Locations Prepared And Applied As Per Manufacturer's Specifications Including Appropriate Priming Coat, Preparation Of Surface Etc Complete) പ്രകാരം 233.10 *M2 നിരക്കും എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുണ്ട്. ഈ രണ്ട് ഇനങ്ങളിലും Priming Coat അനുവദിച്ചിട്ടുള്ളതിനാൽ പെയിന്റിംഗിന്റെ നിരക്കിൽ നിന്നും Priming Coat നിരക്ക് കുറവാക്കിയ* നിരക്കാണ് പെയിന്റിംഗിന് അനുവദിക്കേണ്ടിയിരുന്നത്. ഇതുമൂലം കരാറുകാർക്ക് അധികതുക നൽകുവാനിടയായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 15.07.2023-ൽനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) കടൽക്കാറ്റിന്റെ സാന്നിദ്ധ്യം മൂലം പഞ്ചായത്തിലെ പല കെട്ടിടങ്ങളുടേയും സ്റ്റീൽ വർക്കുകൾ പെട്ടെന്ന് തുരുമ്പെടുക്കുന്നത് ഒഴിവാക്കുന്നതിനാണ് രണ്ട് കോട്ട് പ്രൈമിംഗ് കോട്ട് നൽകിയതെന്നും ആദ്യത്തെ കോട്ട് സ്റ്റീൽ വർക്ക് സെറ്റ് ചെയ്യുമ്പോൾ തന്നെ നൽകിയെന്നും പിന്നീട് Epoxy Paint നൽകുന്നതിനുമുമ്പായി രണ്ടാമത്തെ കോട്ട് ചെയ്തു എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ പരാമർശമില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. തുക അധികചെലവിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഇടാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. /പേര് | കരാറുകാരൻ | അളവ്പുസ്തകം | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നം./തീയതി തുക |
|---|---|---|---|---|---|---|
| 183/23 വി.ഇ.ഒ ഓഫീസ് നവീകരണം | അജിത്ത് വർഗീസ്, കാട്ടുങ്കൽ കണ്ടത്തിൽ, പാതിരപ്പള്ളി | 422/21-22<br>760/22<br>415/21-22 | 41.105m2 @233.10= 9582 | 41.105 @165.92= 6820 | 2762 | 5/27.12.2022<br>629498/- |
| 184/23 കൃഷിഭവൻ നവീകരണം | മിനി ശശിധരക്കുറുപ്പ് ചിറയിൽ, പൊള്ളേത്തൈ | 746/22-23<br>747/22-23<br>748/22-23<br>751/22-23<br>737/22-23 | 184.962m2@230= 42541<br>(പഴയ വർക്കിലുള്ള പെയിന്റിംഗ് ഒഴികെയുള്ള അളവ്) | 184.962m2 @165.92 =30689 | 11852 | 9/02.03.2023<br>905932/- |
| | | | | | 14614 | |

1-22 പഞ്ചായത്ത് കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി - അപാകതകൾ

1) അലുമിനിയം റൂഫിംഗിന് അധിക നിരക്ക് നൽകി.

പഞ്ചായത്ത് കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി (പ്രോജക്ട് നം.S0203/23) എന്ന പ്രവൃത്തിയിൽ അലുമിനിയം റൂഫിംഗ് നടത്തിയതിന് OD56396/2022-23 (Providing And Fixing Aluminium Trafford Sheets (Size,shape Andpitch Of Corrugation As Approved By Engineer-in-charge) 0.45mm(+0.05%), Total Coated 240mpa Steel Grade, 5-7 Microns Epoxy Primer On Both Side Of The Sheet And Thickness With Zink Coating 120 Grams Per Sqm As Per IS 277, In Polyster Top Coat 15-18 Microns. Sheet Should Have Protective Guard Film Of 25 Microns Minimum To Avoid Scratches During Transportation And Should Be Supplied In Single Length Upto 12 Metre Or As Desired By Engineer In Charge. The Sheet Shall Be Fixed Using Self Drilling / Self Tapping Screws With EPDM Seal, Complete Upto Any Pitch In Horizontal/vertical Or Curved Surface, Excluding The Cost Of Purlins, Rafters And Trusses And Including Cutting To Size And Shape Wherever Required) പ്രകാരം 781.57 *M2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്ക് പ്രകാരം അലുമിനിയം ഷീറ്റിന്റെ കനം 0.45mm (+0.05%) ആകേണ്ടതാണ്. അതായത് +0.05% അധിക കനം ഉള്ള അലുമിനിയം ഷീറ്റുകൾക്കും ഇതേ നിരക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് ഹാൾ റൂഫിംഗിന് ഉപയോഗിച്ചിട്ടുള്ള ഷീറ്റ് 0.40 Mm കനമുള്ളതാണെന്ന് ഭൌതിക പരിശോധനയിൽ കണ്ടു. 0.40mm കനമുള്ള അലുമിനിയം ഷീറ്റ് ഉപയോഗിച്ചതിന് ഇതേ നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനും 0.40mm കനമുള്ള അലുമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് ബാധകമായ നിരക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റൂഫിംഗ് നടത്തുന്നതിന് ഏകദേശം 132.90 M2 അലുമിനിയം ഷീറ്റ് ആവശ്യമായിരുന്നു എന്നും മാർക്കറ്റിൽ തൽസമയം അത്രയും അളവിൽ ലഭ്യമല്ലാതിരുന്നതിനാലാണ് 0.40mm കനമുള്ള അലുമിനിയം ഷീറ്റ് ഉപയോഗിച്ചതെന്നും സ്പെസിഫിക്കേഷൻ പ്രകാരം 0.45mm Or Nearest Availab*le Size എന്ന് ഉണ്ടായിരുന്നത് കൊണ്ടാണ് 0.40mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കിയിട്ടുള്ള വി.ഇ.ഒ ഓഫീസ് നവീകരണം എന്ന പ്രവൃത്തിക്ക് 0.45mm കനമുള്ള അലുമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തിയിട്ടുള്ളതിനാലും ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഡാറ്റായിൽ Nearest Available Size എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത മറുപടി തൃപ്തികരമല്ല. ചെലവഴിക്കുന്ന തുകയ്ക്ക് പരമാവധി ഗുണമേന്മയുള്ള മെറ്റീരിയൽസ് ഉപയോഗിക്കുവാനും തുടർന്ന് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2) പൊളിച്ചെടുത്ത GI ഷീറ്റ് ലേലം ചെയ്തില്ല

പഞ്ചായത്ത് കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ പഴയ GI ഷീറ്റ് 128.76 M2 പൊളിച്ചെടുത്തിട്ടുണ്ട്. ഇതിൽ ഉപയോഗയോഗ്യമായ 64.380 M2 ഷീറ്റിന്റെ വില 166.50/m2 നിരക്ക് പ്രകാരം 10719 രൂപ കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും ഈ വിവരം രേഖാമൂലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലേലം ചെയ്ത് ടി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് 19.07.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) ഉടൻ ലേലം നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ വിശദാംശം

പ്രോജക്ട് നം. S0203/23

അടങ്കൽ : 300000/- (വികസനഫണ്ട്)

കരാറുകാരൻ : ജിതേന്ദ് കെ.ആർ., കുതക്കര, കലവൂർ

ബിൽ നം. 8/02.03.2023 തുക - 290144/-

1-23 സാനിറ്റേഷൻ - പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ -മുഴവൻ തുകയും

ചെലവഴിച്ചില്ല

പ്രോജക്റ്റ് നം. 142 / 2022-23

അടങ്കൽ- 4,60,000/- (തനത് ഫണ്ട്)

ചെലവ് – 4,60,000/- (ചെക്ക് നം. – 6923133, തീയതി - 26.12.2022, തുക-2,30,000/-, ചെക്ക് നം. – 6923150, തീയതി - 08.02.2023, തുക - 2,30,000/-)

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവഹണം നടത്തിയ വാർഡിലെ സാനിറ്റേഷൻ – പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, ഓരോ വാർഡിലേയും സാനിറ്റേഷൻ സമിതിയുടെ അക്കൌണ്ടിലേയ്ക്ക് 20,000/-രൂപ വീതം നല്കിയിട്ടുണ്ട്. എല്ലാ വാർഡിലേയും സാനിറ്റേഷൻ സമിതിയുടെ ബാങ്ക് പാസ്ബുക്ക്, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ, 8-ാം വാർഡിന് ലഭിച്ച തുകയിൽ 10,000/-രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളതെന്നും 14ാം വാർഡിന് ലഭിച്ച തുക 20,000/-രൂപ ചെലവ് ചെയ്യാതെ അക്കൌണ്ടിൽ അവശേഷിക്കുന്നതായും കാണുന്നു. ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8 / 15.07.2023) ലഭ്യമാക്കിയ മറുപടിയിൽ, ഈ വാർഡുകളിൽ ജെ.പി.എച്ച്.എൻ. തസ്തിക ഒഴിവായതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് പറഞ്ഞിട്ടുള്ളത്. 2022-23 വർഷത്തെ വിഹിതമിനത്തിൽ ലഭിച്ച തുക ചെലവ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തിനാൽ തുക അതാത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. 30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 എച്ച് എം നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 1,99,950 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1) എച്ച് എം നടപ്പാക്കിയ തുല്യത കോഴ്സിന്റെ ഭാഗമായി ഹയർസെക്കന്ററി ബാച്ചിനായി ആദ്യവർഷം ഒരു പഠിതാവിനായി 3,200 /- രൂപ വീതം 24 പഠിതാക്കൾക്കായി 76,800 /- രൂപയും രണ്ടാം വർഷം ഒരു പഠിതാവിന് 2,900 /- രൂപ വീതം 24 പഠിതാക്കൾക്കായി 69,600 രൂപയും ഉൾപ്പെടെ ആകെ 1,46,400 /- രൂപയും, പത്താംതരം തുല്യത കോഴ്സിന് ഒരു പഠിതാവിന് 2,550 /- രൂപ വീതം 21 പഠിതാക്കൾക്ക് 53,550 /- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് ഫയലിലില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പലതും ലഭ്യമല്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പഠിതാക്കളുടെ ലിസ്റ്റ്, പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ എന്നിവ ഫയലിൽ ലഭ്യമല്ല. എത്ര പേർ പരീക്ഷ എഴുതിയെന്നോ, എഴുതിയവരിൽ എത്ര പേർ പാസായി എന്നോ വ്യക്തമല്ല. പഠിതാക്കൾക്ക് ക്ലാസ്സുകൾ നടത്തിയ ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, സാക്ഷരതാമിഷൻ സമിതിയുടെ അംഗീകാര പത്രം എന്നിവ ലഭ്യമായില്ല. ഇൻസ്ട്രക്ടർമാരെക്കുറിച്ചോ അവരുടെ യോഗ്യത സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഒന്നും ഫയലിലില്ല. പരീക്ഷ എഴുതിയവരുടേയോ, വിജയിച്ചവരുടെയോ പേരുവിവരങ്ങളോ, സർട്ടിഫിക്കറ്റോ ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19.07.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 1,99,950 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 123/23

അടങ്കൽ – 2,00,000 ( വികസനഫണ്ട്)

ചെലവ് വിവരം -1,46,400 – (2206015201950155 7507 / 29.03.2023)

- 53550 /- (2260152019501557502 / 29.03.2023)

2. ഉജ്ജ്വലകൌമാരം

എച്ച് എം നടപ്പാക്കിയ ഉജ്ജ്വലകൌമാരം എന്ന് പദ്ധതിക്കായി 99,350 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ലഹരിയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് കൌമാരക്കാരെ ബോധവൽക്കരിക്കുന്നതിനും

അവരെ നേർവഴിക്ക് നടത്തുന്നതിനുമായാണ് പദ്ധതി നടപ്പാക്കിയത്. പഞ്ചായത്ത്തല ലഹരി വിമുക്ത ക്യാമ്പയിൻ പ്രവത്തനങ്ങൾക്കാണ് തുക ചെലവഴിച്ചത്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശം ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പദ്ധതികൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ചെലവ് തുക അതാത് ചെലവ് ചെയ്ത വ്യക്തികളുടെ അക്കൌണ്ടിലേക്ക് അല്ല നൽകിയത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്കൂളുകളേയും പദ്ധതിയുടെ ഭാഗമാക്കാനും ബോധവത്ക്കരണം നടത്താനും സാധിച്ചിരുന്നോ എന്ന് വ്യക്തമല്ല.

എക്സൈസ് വകുപ്പ് എല്ലാ സ്കൂളുകളിലും ലഹരി വിമുക്ത ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് മുൻകൈഎടുത്ത് ഇപ്രകാരം ഒരു പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി തുടർപ്രവർത്തനങ്ങൾ എന്തെങ്കിലും നടപ്പാക്കിയതായി രേഖയില്ല. കൌമാരക്കാരുടെ ഇടയിൽ ലഹരിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും അതിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കാനും സാധിക്കുന്ന തരത്തിലുള്ള പുനപ്രവർത്തനങ്ങൾകൂടി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം

അടങ്കൽ – 100000 (വികസന ഫണ്ട്)

പ്രോജക്ട് നം – 134/23

41350 /- (22060152019500929352/19.12.2022)

58000 /- (22060152019501557514/29.03.2023)

1-25 എസ് റ്റി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ - അപാകതകൾ

പ്രോജക്ട് നം. 126/23

ചെലവ് - 95144 /-

ചെലവ് വിവരം - 62377 /- (ബി ആർ നം. 22060152019501558525 /29.03.2023)

- 32767 /- / 29.03.2023 (തനത് ഫണ്ട്)

എച്ച് എം നടപ്പാക്കിയ എസ് റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം എന്ന പദ്ധതിക്കായി 95,144 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ ടെൻഡറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അൽ മന ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത് (ഇൻവോയ്സ് നം. ATC7086 /2022-23 *29.03.2023).* വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | അളവ് | റേറ്റ് | തുക |
|---|---|---|---|
| സ്റ്റീൽ ടേബിൾ | 17 | 2283.90 | 38,826.30 |
| സ്റ്റീൽ ചെയർ | 17 | 1100.85 | 18,714.45 |
| കുട | 29 | 341.07 | 9,891.03 |
| സ്കൂൾ ബാഗ് (സ്കൂബി) | 14 | 794.64 | 11,124.96 |
| നോട്ട് ബുക്ക് (196 പേജ്) | 132 | 30.36 | 4,007.52 |

| | | | |
|---|---|---|---|
| | ആകെ | | 82,564.26 |
| | ജി എസ് ടി | | 13,360.16 |
| | ആകെ | | 95,924 .42 |

വിതരണം ചെയ്ത ഉപകരണങ്ങൾ

മേശ, കസേര -17

കുട, നോട്ട് ബുക്ക് -29 വിദ്യാർത്ഥികൾക്ക്

ബാഗ് -14

അപാകതകൾ

പ്രസ്തുത പദ്ധതിയിൽ 29 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. ഇതിൽ മേശയും കസേരയും 17 വിദ്യാർഥികൾക്കാണ് ലഭിച്ചത്. മേശയും കസേരയും കൈപ്പറ്റിയ വിദ്യാർത്ഥികൾതന്നെ മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ കുറച്ച് വിദ്യാർത്ഥികൾക്ക് ബുക്കും കുടയും ബാഗും മാത്രമാണ് ലഭിച്ചത്. എത്ര വീതം നോട്ടുബുക്കുകളാണ് ഓരോ വിദ്യാർത്ഥിയും കൈപ്പറ്റിയതെന്ന് വ്യക്തമല്ല. അർഹരായ വിദ്യർത്ഥികൾക്ക് ഒരേ പോലെ അല്ല ആനുകൂല്യം വിതരണം ചെയ്തത്. ഇപ്രകാരം വ്യത്യസ്ത ആനുകൂല്യങ്ങൾ ഒരേ വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

2) അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

ആനുകൂല്യം കൈപ്പറ്റിയ 29 വിദ്യാർത്ഥികളുടെ അർഹത തെളിയിക്കുന്ന രേഖകൾ ജാതിസർട്ടിഫിക്കറ്റ്, സ്കൂൾ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19.07.2023) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നതു വരെ പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക 95,144 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ (മാനസ)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 31/23
അടങ്കൽ – 200000(തനത് ഫണ്ട്)
ചെലവ് – 100000 /-

| ബിൽ നം. | തുക |
|---|---|
| 8618498 / 03/09/2022 | 30,000 |
| 6923150 /08/02/2023 | 10,000 |
| 6923165 / 14/03/2023 | 10,000 |
| 6923169 / 21/03/2023 | 10,000 |
| 020139/ 14/10/2022 | 10,000 |

| | |
|---|---|
| 6923104 /03/11/2022 | 10,000 |
| 6923139/05/01/2023 | 10,000 |
| 6923123 /02/12/2022 | 10,000 |
| ആകെ | 1,00,000 |

എച്ച്.എം. നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽപ്പെടുത്തി, 100000 /- തൻവർഷം ചെലവു ചെയ്തിട്ടുണ്ട്. കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപിക കൈപ്പറ്റിയ തുകയുടെ വിവരവും പൊള്ളേത്തൈ സ്കൂളിലെ പ്രധാന അദ്ധ്യാപിക നൽകിയ സാക്ഷ്യപത്രവും, അതിന്റെയടിസ്ഥാനത്തിൽ 10,000/- രൂപ ഓരോ മാസവും ശമ്പളം കൈപ്പറ്റിയതിന്റെ രസീതും ഫയലിലുണ്ട്. എന്നാൽ എന്ത് ജോലിയാണ് ഇവർക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ളതെന്നോ, ഇവരുടെ ജോലിയുടെ സ്വഭാവമെന്തെന്നോ, എന്തൊക്കെ യോഗ്യതകളാണ് ഈ ജോലിയ്ക്കായി നിശ്ചയിച്ചു നൽകിയിട്ടുള്ളതെന്നോ, ഏതാണ് ഇവരുടെ ജോലി സമയമെന്നോ തുടങ്ങി ഒരു വിശദാംശവും ഫയലിലില്ല. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/19.07.23) മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി നടത്തിപ്പിലൂടെ എത്ര കുട്ടികൾ ഇതിന്റെ ഭാഗമായെന്നും അവരുടെ പഠനനിലവാരത്തിൽ എത്രത്തോളം മാറ്റം കൊണ്ടുവരുവാൻ ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുമുള്ള യാതൊരു മോണിറ്ററിംഗും ഈ പദ്ധതിയുടെ ഭാഗമായി നടന്നിട്ടില്ല. കുട്ടികളുടെ മാനസിക ആരോഗ്യ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ നടപ്പാക്കുമ്പോൾ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ സ്വാഗതാർഹമാണെങ്കിലും വിദ്യാർത്ഥികൾക്ക് അങ്ങേയറ്റം പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-27 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 43,17,331/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ, ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നല്കിയതായി കാണുന്നു.

1) ജലജീവൻ മിഷൻ - വിഹിതം ഒടുക്കിയത്

പ്രോജക്ട് നം. 77/23

ചെലവ് വിവരം - 2260152018700848119/01.12.2022 – 5,00,000 /-

2022-23 വർഷം ജലജീവൻ മിഷൻ വിഹിതമായി 5 ലക്ഷം രൂപ പ്രോജക്ട് മാനേജർ, ജലജീവൻ പദ്ധതിക്ക് കൈമാറിയിട്ടുണ്ട്. തുക ഒടുക്കിയതിന്റെ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

2) തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

പ്രോജക്ട് നം - 73/23

അടങ്കൽ - 1500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 754020 /- (2206015201870185956 / 14.02.2023)

745980 - (2260152018701224475 / 22.02.2023)

2022-23 വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ കെ.എസ്.ഇ.ബി. എന്ന പ്രോജക്ടിൽ

ഉൾപ്പെടുത്തി മീറ്ററുകൾ സ്ഥാപിക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 15,00,000/- രൂപ കലവൂർ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. തുകയുടെ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

3. തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം - 1/23

അടങ്കൽ - 2317331 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 1402583 / Xvfc/2022-23 /P/104/24.11.2022

– 914748 /- (Xvfc/2022-23 /P/190/21.03.2023) – ആകെ 2317331

തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി., എസ് എൽ പുരം സെക്ഷനിലേക്ക് 23,17,331 /- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/13.07.22) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തികരിക്കുമ്പോൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലെ ആകെ 43,17,331/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-28 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

1) മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം കെ.എം.എസ്.സി.എൽ- ന് നല്കിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

(I) പ്രോജക്ട് നം.-25/ 2022-23

പാലിയേറ്റീവ് കെയർ പദ്ധതി

| ഇനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 10,00,000/- | 10,00,000/- |
| ആകെ | 10,00,000/- | 10,00,000/- |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ- ന് നല്കിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. / തീയതി – തുക | കെ എം എസ് സി എൽ- ന് നല്കിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭ്യമാവാൻ ബാക്കിയുള്ള മരുന്നിന്റെ വിവരം |
|---|---|---|---|
| 13/20.12.2022 | 1,32,475 | 85,011 | 47,464 |
| 18/08.02.2023 -369993 | 1,69,993 | 1,34,174 | 35,819 |
| 18/08.02.2023 -369993 | 2,00,000 | 1,50,318 | 49,682 |

(Ii) പ്രോജക്ട് നം.-91/ 2022-23

ജീവൻ രക്ഷാ മരുന്നുകൾ

| ഇനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 10,00,000/- | 10,00,000/- |
| ആകെ | 10,00,000/- | 10,00,000/- |

ജീവൻ രക്ഷാ മരുന്നുകൾ എന്ന പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ-ന് 33,869/- രൂപ (ബിൽ നം. 16/2022-23, തീയതി-16.01.2023) നല്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8 / 15.07.2023) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2) ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.70)ഉൾപ്പെടുത്തി മരുന്ന വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3,00,000 /- രൂപ ബിൽ നം. 1/2022-23 തീയതി. 03.10.2022 പ്രകാരം ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 1,49,080 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 1,50,920 /- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/15.07.2023) മരുന്നുകൾ ഉടൻ ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-29 നഴ്സറി നിർമ്മാണം - പദ്ധതി തുക ചെലവഴിച്ചെങ്കിലും പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 155/23 |
| അടങ്കൽ തുക | 5,00,000/-<br>(വികസന ഫണ്ട് - ജനറൽ)<br>ആകെ – 5,00,000/- |
| ചെലവ് തുക | വികസനഫണ്ട് – 5,00,000/-<br>(ബിൽ നം. 12/17.12.2022)<br>ആകെ – 5,00,000/- |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നഴ്സറി നിർമ്മാണം എന്ന പ്രോജക്ട് പഞ്ചായത്തിലെ കർഷക ഗ്രൂപ്പുകൾക്ക് വിത്ത് തേങ്ങ വാങ്ങി നല്കി നഴ്സറി തയ്യാറാക്കുന്നതിനായി രൂപീകരിച്ചതാണ്. KERALA AGRO INDUSTRIES CPORPORATION LTD -ന്റെ ബിൽ ഓഫ് സപ്ലൈ പ്രകാരം (ഇൻവോയ്സ് നം. AMB / 265 / 22-23 /05.12.22) 10,000 എണ്ണം തേങ്ങ 50 രൂപ നിരക്കിൽ ലഭ്യമായിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. വാർഡ് നം. 2 (തനിമ JLG ), 17 (സ്നേഹ JLG ) എന്നിവർക്ക് 2000 എണ്ണം, വാർഡ് നം. 16 (മഹാത്മ JLG) , 23 (ചലഞ്ചർ JLG) എന്നിവർക്ക് 3000 എണ്ണം എന്നിങ്ങനെ തേങ്ങ വിതരണം ചെയ്തിട്ടുണ്ട്. വാർഡ് നം. 16, 17 എന്നിവങ്ങളിൽ നടത്തിയ ഭൌതിക പരിശോധനയിൽ തേങ്ങ മുള പൊട്ടി വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൃഷി ഓഫീസറുടെ അഭിപ്രായത്തിൽ ഈ വിത്തുകൾ ജൂൺ, ജൂലൈ മാസത്തിൽ വിതരണം ചെയ്താലേ ഫലപ്രദമാവുകയുള്ളു എന്നാണ്. ആയതിനാൽ, ടി വിത്തുകൾ

പഞ്ചായത്തിൽ ഉത്പ്പാദന മേഖലയിൽ എപ്രകാരമാണ് ഗുണപ്രദമായിട്ടുള്ളത് എന്നത് വരും നാളുകളിൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, ടി പ്രോജക്ട് സംബന്ധിച്ചുള്ള മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-30 പ്രത്യേകകന്നുകുട്ടിപരിപാലനം - ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 104/23 |
| അടങ്കൽ തുക | വികസനഫണ്ട് -862500<br>ഗുണഭോക്തൃ വിഹിതം – 862500<br>ആകെ – 1725000 |
| ചെലവ് തുക | വികസനഫണ്ട് – 862500 (ബിൽ നം. 9/16.03.2023 -750000)<br>(ബിൽ നം. 10/24.03.2023- 112500)<br>ഗുണഭോക്തൃ വിഹിതം – 0<br>ആകെ – 862500 |

ടി പ്രോജക്ട് പ്രകാരം, 8,62,500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/19.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 8,62,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

1. മുള, ഡിസ്പ്ലേ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ ഫയലുകൾ പരിശോധിച്ചതിൽ മുള, ഡിസ്പ്ലേ ബോർഡ് എന്നിവയുടെ തുക മേറ്റുമാരുടെ അക്കൌണ്ടിലേക്കാണ് നൽകി വരുന്നത്. എന്നാൽ ഇവ വാങ്ങിയതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഉദ. കുളമാക്കി ചക്കുപറമ്പ് തോട് ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിക്കൽ (വർക്ക്കോഡ് 501800) എന്ന പ്രവത്തിയിൽ ബോർഡ് സ്ഥാപിക്കുന്നതിനായി തുക നൽകിയിട്ടുള്ളത് മേറ്റുമാർക്കാണ്. എന്നാൽ ബോർഡ് വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത പ്രവൃത്തിക്ക് മുള വാങ്ങുന്നതിന് 1700 /- രൂപ മേറ്റുമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ ഫയലിൽ ലഭ്യമല്ല. ഈ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/20.07.2023) ലഭ്യമാക്കിയ മറുപടിയിൽ ബോർഡിനും മുളയ്ക്കും 5000 /- രൂപയിൽ കുറവായതിനാൽ ലോക്കൽ പർച്ചേസിൽ ഉൾപ്പെടുത്തി വൌച്ചറിന്റെയും രസീതിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നാണ് മറുപടി നൽകിയത്.

2. വിവിധ പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിക്കുന്നതിന് കുടുബശ്രീയെ ഏല്പിക്കുകയോ ടെൻ്റർ ക്ഷണിക്കുകയോ ചെയ്തിട്ടില്ല.

വിവിധ പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിക്കുന്നതിന് കുടുബശ്രീയെ ഏല്പിക്കുകയോ ടെൻ്റർ

ക്ഷണിക്കുകയോ ചെയ്തിട്ടില്ല. ഈ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ സംവിധാനമായ എഡിഎസ് നൽകുന്ന വൌച്ചറിന്റെയും രസീതിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്നാണ് അറിയിച്ചത്. എന്നാൽ എഡിഎസിന്റെ ബിൽ ഫയലിൽ ലഭ്യമല്ല.

3. എഫ്.റ്റി.ഒ. വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാർക്കും തൊഴിലാളികൾക്കും തുക നൽകിയതിന്റെ എഫ് റ്റി ഒ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

ഉദാ : വാർഡ് 5 തൊഴുത്ത് നിർമ്മാണം (രാജേശ്വരി) എന്ന പ്രവത്തിയിൽ മെറ്റീരിയൽ ഇനത്തിൽ 77,700 /- രൂപ തുക രേഖപ്പെടുത്തിയിട്ടുണ്ട്. എഫ്.റ്റി.ഒ. ചേർത്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചൂണ്ടിക്കാട്ടിയ ഫയലിന്റെ എഫ്.റ്റി.ഒ. ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ ഫയലുകളിൽ എല്ലാം എഫ്.റ്റി.ഒ. വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4. കയർ ഭൂവസ്ത്രം വിരിക്കൽ

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിന് വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05 വീതം അധികമായി ഭൂവസ്ത്രം. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിലേ പ്രവൃത്തി ചെയ്യാൻ സാധിക്കു. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കാണുന്നത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത്. ചതു.മീറ്റർ | ഭൂവസ്ത്രം ഉപയോഗിച്ചത് | ഭൂവസ്ത്രമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/ 1.05) | FTO വിവരങ്ങൾ | നല്കിയ തുക | നല്കാവുന്ന തുക (77.175m2) | അധികം |
|---|---|---|---|---|---|---|---|---|
| അറയ്ക്കപ്പൊടി ശാഖാത്തോട് ആഴം കൂട്ടലും കയർ ഭൂവസ്ത്രരം വിരിക്കലും | 683/22 | 2250 | 2250 | 2142 | ലഭ്യമല്ല | 173643.75 | 165308.8 | 8334.9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കുളമാക്കി ചക്കപറമ്പ് തോട് വെട്ടി ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിക്കൽ | 718/22 | 2250 | 2250 | 2142 | ലഭ്യമല്ല | 173643.75 | 165308.85 | 8334.9 |
| കുപ്പള്ളിക്കാട് കുളമാക്കി ത്തോട് ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിക്കൽ | 717/22 | 2250 | 2250 | 2142 | ലഭ്യമല്ല | 173643.75 | 165308.85 | 8334.9 |

പ്രസ്തുത വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കയർഭൂവസ്ത്രം വിരിക്കുന്ന ഇനത്തിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനും പാർശ്വഭിത്തികളിൽ പുല്ലുവെച്ച് പിടിപ്പിക്കുന്നതിനും കൂടിയാണ് തൊഴിൽദിനം അനുവദിച്ചതെന്നാണ് അറിയിച്ചത്. ആകയാൽ തുടർന്നുള്ള എസ്റ്റിമേറ്റിൽ ഈ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നെൽക്കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയ്ക്ക് ആനുപാതികമായി വളം വാങ്ങിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 39/23 |
| അടങ്കൽ തുക | 32385<br>(വികസന ഫണ്ട് - ജനറൽ)<br>11613<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 43998 |

| | |
|---|---|
| | |
| ചെലവ് തുക | വികസനഫണ്ട് – 32385<br>(ബിൽ നം. 4/03.12.2022- 8010)<br>(ബിൽ നം. 7/03.12.2022- 24375)<br>ഗുണഭോക്തൃ വിഹിതം – 8125<br>(ചെക്ക് നം. 116099 തീയതി- 30.03.2023)<br>ആകെ – 40510 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം (സ്പിൽ ഓവർ) എന്ന പ്രോജക്ട് പ്രകാരം 8,010/-രൂപ കൂലി ചെലവ് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. 2500 കി.ഗ്രാം. (250 പായ്ക്കറ്റ്) LIME വാങ്ങിയ ഇനത്തിൽ KERALA AGRO INDUSTRIES CORPORATION LIMITED -ന്റെ ഇൻവോയ്സ് നം. AMB/432/22-23/03.02.23 പ്രകാരം 32,500/-രൂപ നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഒരു പായ്ക്കറ്റ് LIME- ന് 130 രൂപ വില ഈടാക്കുന്നതിൽ 25% തുക (32.50 രൂപ) ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ രസീത് പ്രകാരം 141 പേരുടെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക (141 X 32.50 = 4582.50) മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 250 പായ്ക്കറ്റിന്റെ ഗുണഭോക്തൃ വിഹിതം ലഭ്യമാകാതെയാണ് 250 എണ്ണം LIME പായ്ക്കറ്റിന് ഓർഡർ കൊടുത്തിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും 250 പായ്ക്കറ്റിന്റെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുകയായ 8125/- രൂപ മാറി നല്കി. നിലവിൽ, വിതരണം ചെയ്യാതെ അവശേഷിക്കുന്ന 109 പായ്ക്കറ്റ് LIME-ന്റെ വിലയായ 14170/-രൂപ (വികസന ഫണ്ടിൽ നിന്നും 10,628/-രൂപ + തനത് ഫണ്ടിൽ നിന്നും 3,542/-രൂപ ) ചെലവഴിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനും വിതരണം ചെയ്യാതെ അവശേഷിക്കുന്ന LIME ന്റെ നിലവിലെ അവസ്ഥ അറിയിക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.07.2022) വിതരണം ചെയ്യാൻ ബാക്കി നില്ക്കുന്ന 109 പായ്ക്കറ്റ് LIME- ന്റെ വിതരണം നടന്ന് കൊണ്ടിരിക്കുന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, കൃഷി ഓഫീസർ നിലവിൽ 2022-23 (28.03.2023) വർഷത്തിന് ശേഷം നാളിതുവരെ ഗുണഭോക്തൃ വിഹിതം പിരിക്കുവാനായി രസീത്ബുക്ക് കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. ഇതിൽനിന്നും കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. വിതരണം ചെയ്യാത്ത LIME ന്റെ വിലയായ 14,170/-രൂപയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 3,542/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സാധനം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാമെന്ന മറുപടി പരിഗണിച്ച് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 10,628/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 സുഭിക്ഷ കേരളം ചെറുപയർ കൃഷിയ്ക്ക് വിത്തും വളവും - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക വരവില്ല – വികസന ഫണ്ടിൽ നിന്നുമുള്ള തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 37/23 |
| അടങ്കൽ തുക | 118000<br>(വികസന ഫണ്ട് - ജനറൽ)<br>12500<br>(ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| | ആകെ – 130500 |
| ചെലവ് തുക | വികസനഫണ്ട് – 82500 (ബിൽ നം. 6/03.12.2022-45000)<br>(ബിൽ നം. 8/03.12.2022- 37500) ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 82500 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചെറുപയർ കൃഷിക്ക് വിത്തും വളവും എന്ന പ്രോജക്റ്റിൽ ചെറുപയർ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ചെറുപയർ വിത്ത്, വളം (75% സബ്സിഡിയോടെ) എന്നിവ വിതരണം ചെയ്യുകയാണ് ലക്ഷ്യം. ചെറുപയർ വിത്തുകൾ 321.43 കി.ഗ്രാം KERALA AGRO INDUSTRIES CORPORATION LTD- ൽ നിന്നും സപ്ലൈ ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം. AMB 241/22-23 തീയതി- 26.11.2022). കൂടാതെ, ടി പ്രോജക്ട് പ്രകാരം Vermi Compost 3125 കി.ഗ്രാം 16 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് KERALA AGRO INDUSTRIES CORPORATION LTD- ന് തുക നല്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വികസന ഫണ്ട് വിഹിതം 12 രൂപയും ഗുണഭോക്തൃ വിഹിതം 4 രൂപയും ആണ് ഒരു കി. ഗ്രാമിന് ചെലവഴിക്കാവുന്നത്. ഫയൽ പരിശോധിച്ചതിൽ, വികസന ഫണ്ട് ഇനത്തിൽ 3125 കി.ഗ്രാമിന് ചെലവഴിക്കേണ്ട തുകയായ 50,000/-രൂപയിൽ 37,500 രൂപ സ്ഥാപനത്തിന് മാറി നല്കിയിട്ടുണ്ട്. എന്നാൽ സാധനം ലഭ്യമായതിന്റെ ബിൽ ഓഫ് സപ്ലൈ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചിട്ടില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, Vermi Compost ലഭ്യമായിട്ടില്ല എന്നും വ്യക്തമായി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.07.2022) ലഭ്യമാക്കിയ മറുപടിയിൽ Vermi Compost കർഷകർക്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ലഭിക്കാതെ സാധനം സപ്ലൈ ചെയ്യുന്നതിന് ഓർഡർ നല്കിയതും വികസനഫണ്ടിൽ നിന്നുമുള്ള തുക സ്ഥാപനത്തിന്റെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയതുമായ നിർവ്വഹണോദ്യോഗസ്ഥന്റെ പ്രവർത്തി ക്രമപ്രകാരമല്ല. ആയതിനാൽ 37,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിക്കുന്നു.

## 3-3 മുല്ല കൃഷി വികസനം - ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചതിന് ആനുപാതികമായി ഓർഡർ നല്കിയില്ല- 8,000/-രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 140/23 |
| അടങ്കൽ തുക | 101250<br>(വികസന ഫണ്ട് - ജനറൽ)<br>33750<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 135000 |

| | |
|---|---|
| ചെലവ് തുക | വികസനഫണ്ട് – 101250 (ബിൽ നം. 28/28.03.2023 -101250)<br>ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 101250 |

മുല്ലകൃഷി വികസനം എന്ന പ്രോജക്ടിൽ ഹരിതശ്രീ എ - ഗ്രേഡ് ക്ലസ്റ്റർ ഇക്കോഷോപ്പിലെ ബിൽ (നം. 17520, തീയതി – 13.02.2023, തുക – 135000/- രൂപ) പ്രകാരം 13500 എണ്ണം മുല്ലതൈ 10 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുമുള്ള തുക (101250/-) സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. രസീത് ബുക്ക് പരിശോധിച്ചതിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 31,750/-രൂപ (12700 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക) പിരിച്ച് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. 800 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതം പിരിക്കാതെയാണ് 13500എണ്ണം മുല്ലത്തൈ വാങ്ങിയതെന്ന് വ്യക്തമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ 13500 എണ്ണം മുല്ലതൈ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം, ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുക ഒടുക്കിയ 12700 എണ്ണം മുല്ലതൈ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.07.2022) ലഭ്യമാക്കിയ മറുപടിയിൽ, 800 എണ്ണം മുല്ല തൈകൾ വിതരണം ചെയ്യാൻ പറ്റാതെ കേട് വന്ന് പോയിട്ടുള്ളതാണെന്നും 800 എണ്ണം മുല്ല തൈകൾ വിതരണക്കാരിൽ നിന്നും ഇറക്കി വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതാണെന്നുമാണ്. എന്നാൽ, 2022-23 വർഷത്തെ ഗുണഭോക്തൃ വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ, ഇപ്രകാരം വിതരണം ഇനി സാധ്യമാകില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ, 800 എണ്ണം മുല്ല തൈയുടെ വിലയായ 6,000/-രൂപ(800x7.5 രൂപ) നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ ബാധ്യതയായി കണക്കാക്കി ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

3-4 ജെ.എൽ.ജി.ഗ്രൂപ്പിന് വിത്തും വളവും -ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക നല്കി - 1,23,991/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 36/23 |
| അടങ്കൽ തുക | 123991<br>(വികസന ഫണ്ട് - ജനറൽ)<br>50000<br>(ഗുണഭോക്തൃ വിഹിതം)<br>ആകെ – 173991 |
| ചെലവ് തുക | വികസനഫണ്ട് – 123991 (ബിൽ നം. 5/02.12.2022)<br>ഗുണഭോക്തൃ വിഹിതം – 0<br>ആകെ– 123991 |

ജെ.എൽ. ജി ഗ്രൂപ്പിന് വിത്തും വളവും (സ്പിൽ ഓവർ ) പ്രോജക്ട് പ്രകാരം ROYAL MEAL 5904 കി.ഗ്രാം 28 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് KERALA AGRO INDUSTRIES CORPORATION LTD- ന് തുക നല്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വികസന ഫണ്ട് വിഹിതം 21 രൂപയും ഗുണഭോക്തൃ വിഹിതം 7 രൂപയും ആണ് ഒരു കി. ഗ്രാമിന് ചെലവഴിക്കാവുന്നത് . ഫയൽ പരിശോധിച്ചതിൽ, വികസന ഫണ്ട് ഇനത്തിൽ 5904 കി.ഗ്രാമിന് ചെലവഴിക്കേണ്ട തുകയായ 1,23,991/-രൂപ സ്ഥാപനത്തിന് മാറി നല്കിയിട്ടുണ്ട്. എന്നാൽ സാധനം ലഭ്യമായതിന്റെ ബിൽ ഓഫ് സപ്ലൈ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചിട്ടില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, ROYAL MEAL ലഭ്യമായിട്ടില്ല എന്നും വ്യക്തമായി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/ 15.07.2022) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രൂപ്പുകൾക്കുള്ള വളം വിതരണം ചെയ്ത രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിക്കാതെ വളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക ( 1,23,991/-രൂപ ) മാറി നല്കിയ നടപടി ക്രമ പ്രകാരമല്ല. ആയതിനാൽ, തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ചലാൻ മുഖേന ഒടുക്കേണ്ടതാണ്. 1,23,991/-രൂപയുടെ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## 3-5 പോത്ത് കുട്ടി വിതരണം (വനിത )- ഒരു വീട്ടിലെ രണ്ട് പേർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പ്രോജക്റ്റ് നം. | 247/23 |
| അടങ്കൽ തുക | വികസനഫണ്ട് – 540000<br>ഗുണഭോക്തൃ വിഹിതം – 540000<br>ആകെ – 1080000 |
| ചെലവ് തുക | വികസനഫണ്ട് – 72000 (ബിൽ നം .12/31.03.23)<br>ഗുണഭോക്തൃ വിഹിതം – 72000 (ചെക്ക് നം. – 116096 തീയതി-28.03.23)<br>ആകെ – 144000 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പോത്ത് കുട്ടി വിതരണം (വനിത) എന്ന പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ, 2 പേരടങ്ങുന്ന വനിതാ ഗ്രൂപ്പിലെ ഓരോ അംഗത്തിനും ഓരോ പോത്തിൻകുട്ടിയെ വീതം നല്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ 6,000/- രൂപയും വികസന ഫണ്ടിൽ നിന്നും 6000/-രൂപയും ചെലവഴിച്ച് 12,000/-രൂപ നിരക്കിൽ GEE FARM, മഞ്ഞിലക്കാട്ട് വെളി, വയലാർ പി ഒ, ചേർത്തല – യിൽ നിന്നും 12 എണ്ണം പോത്തിൻകുട്ടിയെ വാങ്ങിയിട്ടുണ്ട്. കൈപ്പറ്റ് രേഖകൾ പ്രകാരം 12ാം വാർഡിലെ ഏദൻസ് ഗ്രൂപ്പിലെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത് ശ്രീമതി. കമലമ്മ, പുന്നയ്ക്കൽ, ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ എന്നീ വ്യക്തികളാണ്. ഗുണഭോക്തൃ ലിസ്റ്റിൽ, ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്ന പേരിന്റെ ബ്രാക്കറ്റിൽ ആണ് ശ്രീമതി. കമലമ്മ, പുന്നയ്ക്കൽ എന്ന പേര് ചേർത്തിട്ടുള്ളത് എന്ന് കാണുന്നു. രസീത് ബുക്ക് പരിശോധിച്ചതിൽ, ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്ന പേരിന്റെ ബ്രാക്കറ്റിൽ ആണ് ശ്രീമതി. കമലമ്മ, പുന്നയ്ക്കൽ എന്ന പേര് ചേർത്തിട്ടുള്ളത് എന്നും കാണുന്നു. ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ എന്നയാളുടെ അപേക്ഷ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിലും മേൽ പരാമർശിച്ച ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിലും ഒരു വീട്ടിലെ അംഗങ്ങൾ ആണെന്ന് വ്യക്തമായി ( റേഷൻ കാർഡിന്റെ പകർപ്പ് ). പോത്ത് കുട്ടിയെ ഇൻഷ്വറൻസ് ചെയ്ത രേഖകളിൽ ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്നയാളുടെ പേരിലാണ് പോത്തുകുട്ടിയെ ഇൻഷ്വർ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാണ്. ഇപ്രകാരമുള്ള രേഖ ശ്രീമതി. ത്രേസ്യാമ്മ, കാട്ടുങ്കൽ തയ്യിൽ അപേക്ഷയുടെ ഒപ്പം സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി. കമലമ്മ, പുന്നയ്ക്കൽ, ശ്രീമതി. എലിസബത്ത്, കാട്ടുങ്കൽ തയ്യിൽ എന്നിവർ സമർപ്പിച്ച അപേക്ഷയോ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23 / 19.07 2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ഒരു റേഷൻ കാർഡിലെ 2 അംഗങ്ങൾക്ക് ആനുകൂല്യം നല്കിയത് ക്രമ പ്രകാരമല്ല. ആയതിനാൽ, 6000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 സ്റ്റീൽ വർക്ക് - പെയിന്റിംഗിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ സ്റ്റീൽ വർക്കിന് സ്പെസിഫിക്കേഷൻ കോഡ് 10.1 (Structural Steel Work In Single Section Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer All Complete) പ്രകാരം 105.72/ Kg നിരക്കും സ്റ്റീൽ വർക്കിൽ പെയിന്റിംഗിനായി സ്പെസിഫിക്കേഷൻ കോഡ് 13.52.1 (Finishing With Epoxy Paint (Two Or More Coats) At All Locations Prepared And Applied As Per Manufacturer's Specifications Including Appropriate Priming Coat, Preparation Of Surface Etc Complete) പ്രകാരം 233.10 *M2 നിരക്കും എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുണ്ട്. ഈ രണ്ട് ഇനങ്ങളിലും Priming Coat അനുവദിച്ചിട്ടുള്ളതിനാൽ പെയിന്റിംഗിന്റെ നിരക്കിൽ നിന്നും Priming Coat നിരക്ക് കുറവാക്കിയ* നിരക്കാണ് പെയിന്റിംഗിന് അനുവദിക്കേണ്ടിയിരുന്നത്. ഇതുമൂലം കരാറുകാർക്ക് അധികതുക നൽകുവാനിടയായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 15.07.2023-ൽനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) കടൽക്കാറ്റിന്റെ സാന്നിദ്ധ്യം മൂലം പഞ്ചായത്തിലെ പല കെട്ടിടങ്ങളുടേയും സ്റ്റീൽ വർക്കുകൾ പെട്ടെന്ന് തുരുമ്പെടുക്കുന്നത് ഒഴിവാക്കുന്നതിനാണ് രണ്ട് കോട്ട് പ്രൈമിംഗ് കോട്ട് നൽകിയതെന്നും ആദ്യത്തെ കോട്ട് സ്റ്റീൽ വർക്ക് സെറ്റ് ചെയ്യുമ്പോൾ തന്നെ നൽകിയെന്നും പിന്നീട് Epoxy Paint നൽകുന്നതിനുമുമ്പായി രണ്ടാമത്തെ കോട്ട് ചെയ്തു എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ പരാമർശമില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. തുക അധികചെലവിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഇടാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. /പേര് | കരാറുകാരൻ | അളവ്പുസ്തകം | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നം./തീയതി തുക |
|---|---|---|---|---|---|---|
| 183/23 വി.ഇ.ഒ ഓഫീസ് നവീകരണം | അജിത്ത് വർഗീസ്, കാട്ടുങ്കൽ കണ്ടത്തിൽ, പാതിരപ്പള്ളി | 422/21-22<br>760/22<br>415/21-22 | 41.105m2 @233.10= 9582 | 41.105 M2 @165.92= 6820 | 2762 | 5/27.12.2022<br>629498/- |
| 184/23 കൃഷിഭവൻ നവീകരണം | മിനി ശശിധരക്കുറുപ്പ് ചിറയിൽ, പൊള്ളേത്തൈ | 746/22-23<br>747/22-23<br>748/22-23<br>751/22-23<br>737/22-23 | 184.962m2@230= 42541 (പഴയ വർക്കിലുള്ള പെയിന്റിംഗ് ഒഴികെയുള്ള അളവ്) | 184.962m2 @165.92 =30689 | 11852 | 9/02.03.2023<br>905932/- |
| | | | | | 14614 | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 11,10,000 | ലൈഫ് പ്രോജക്ട് | 11,10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 6,55,080 | സ്കോളർഷിപ്പ് | 6,55,080 | 0 |
| ബ്ലോക്ക് | 2022-2023 | 4,98,467 | ക്ലീനിംഗ് & ഡീപ്പനിംഗ് | 4,98,467 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 5,00,000 | മിൽക്ക് ഇൻസെന്റീവ് | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 2,20,000 | ലൈഫ് പദ്ധതി | 2,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1,60,000 | ലൈഫ് പ്രോജക്ട് | 1,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 75,000 | ആശ്രയ | 75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 13,15,134 | ഡ്രയിനേജ് | 13,15,134 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 9,14,748 | കെ.എസ്.ഇ.ബി.ലൈൻ എക്സ്റ്റൻഷൻ | 9,14,748 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 2,18,360 | ഭിന്നശേഷി പ്രോജക്ട് | 2,18,360 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1,35,000 | അങ്കണവാടി ന്യൂട്രീഷൻ | 1,35,000 | 0 |
| ആകെ | | 58,01,789 | | 58,01,789 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. 31,60,827/- രൂപ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | RBI 3402280617857/ 3.12.2022 | 5,00,000 | 0 | 5,00,000 |
| കേരള | സ്ട്രീറ്റ് ലൈറ്റ് | RBI | 7,45,980 | 0 | 7,45,980 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | മീറ്റർ സ്ഥാപിക്കൽ | 0562315983761/ 24.2.2023 | | | |
| " | " | RBI 0472398637775/ 15.02.2023 | 7,54,020 | 7,54,020 | 0 |
| " | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ഇഗ്രാം സ്വരാജ് പേയ്മെന്റ്/ 30.03.2023 | 2,43,334 | 2,43,334 | 0 |
| " | കാരുപറമ്പ് കൊലറയ്ക്കൽ റോഡ് ഇലക്ട്രിക് പോസ്റ്റ് ഒബ്സ്റ്റക്കിൾ ഫോർ റോഡ് കൺസ്ട്രക്ഷൻ | RBI 0082336101284/ 7.01.2023 | 60890 | 60890 | 0 |
| " | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XV FC -2022-23/ 24.11.2022 | 14,02,583 | 14,02,583 | 0 |
| " | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XV FC -2022-23/ 21.3.2023 | 91,4,748 | 0 | 9,14,748 |
| ഐ. കെ എം | ഐ.കെ.എം വിഹിതം നല്കൽ | RBI 23522298665506 /22.8.22 | 1,69,245 | 0 | 1,69,245 |
| ബി ആർ സി | ബി ആർ സി വിഹിതം നല്കൽ | RBI 2352298665507/ 22.8.22 | 7,00,000 | 7,00,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6,00,000 രൂപ വരവുണ്ട്. മുൻബാക്കി 1,00,000 രൂപയടക്കം 7,00,000 രൂപയിൽ 7,00,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 1,78,70,000 | 6,21,02,586 | 71,41,050 | ഇല്ല | 7,28,31,536 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 68,28,405 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 2,97,898 |
| ആകെ | 71,26,303 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 71,26,303 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006/2007 | 3-2 | 2,000 | ശ്രീ.സ്റ്റാൻലി | 1220201813, 15/10/2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2014-15 | 4-1(9) | 2014-15 | 4-1(9) | ഉപയോഗമില്ലാതെ മത്സ്യ മാർക്കറ്റ് | നടപടി സ്വീകരിച്ച് വരുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,52,58,960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,82,15,367 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,91,647 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 55,15,553 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,542 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 3-2 | | 37,500 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 3-3 | | 6,000 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 3-4 | | 1,23,991 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 3-5 | | 6,000 | ഡോ.വിഷ്ണു സോമൻ, വെറ്ററിനറി സർജൻ |
| 3-6 | | 14,614 | ശ്രീമതി അഞ്ചു ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 1,91,647 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 10,628 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 1-23 | 30,000 | ഡോ.അർച്ചന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-24 | 1,99,950 | ശ്രീ.ധനപാൽ, ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 1-25 | 95,144 | ശ്രീ.ധനപാൽ, ഹെഡ്മാസ്റ്റർ |
| 1-27 | 43,17,331 | ശ്രീമതി രേഖ കെ., സെക്രട്ടറി |
| 1-30 | 8,62,500 | ഡോ.വിഷ്ണു സോമൻ, വെറ്ററിനറി സർജൻ |
| ആകെ | 55,15,553 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | ലേഖാഭവൻ, കാട്ടൂർ പി.ഒ., ആലപ്പുഴ |
| ഡോ.വിഷ്ണു സോമൻ, വെറ്ററിനറി സർജൻ | ഗവ. വെറ്ററിനറി ഡിസ്പെൻസറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | സൌമ്യഭവനം, പല്ലന പി.ഒ., പിൻ-690515 |
| ശ്രീമതി അഞ്ചു ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | വെട്ടിയഴീക്കൽ, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ |
| ഡോ.അർച്ചന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ ആർഎച്ച്.റ്റി.സി ചെട്ടികാട് | വാളംപറമ്പിൽ തത്തംപള്ളി പി.ഒ., ആലപ്പുഴ |
| ശ്രീ.ധനപാൽ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, SCMVGUP സ്കൂൾ, പൂങ്കാവ് | അക്ഷയ, എസ് എൽ പുരം പി.ഒ., ആലപ്പുഴ |
| ശ്രീമതി രേഖ കെ., സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | കൽപക, ചേർത്തല പി.ഒ. |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | |
| 1998-99 (ചെലവ്) | |
| 1999-2000 (ചെലവ്) | |
| 2001-02 (ചെലവ്) | |
| 2002-03 (വരവ്) | |
| 2002-03 (ചെലവ്) | |
| 2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2004-05 | |
| 2006-07 | |
| 2007-08 | കെ.എസ്.എ-എ.എൽ.പി-പി-11/1292/2022/04.04.2023 |
| 2008-09 | |
| 2009-10 | |
| 2010-11 ,2011-12 | |
| 2012-13 , 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി11/1064/2021/19.03.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി11/1064/2021/19.03.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി11/1097/2022/11.12.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1.1 dated 01-07-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mararikkulam South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mararikkulam South Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Mararikkulam South Grama Panchayat for the Year 2022-2023.

**1.Major Observations**

Expenditure is not booked in the head reflecting the purpose for which the amount was spent.
E.g. Stationary Expense (Rs. 90/-) has been erroneously entered as an asset in Head 4 instead of Stationary Expense 2

2.Electric line post rearrangement should not be entered in the head starting with 2 instead of coming in the head starting with 4

**2.Other Observations**

1. As per the reconciliation statement of SBI e-Payment (6738510768) account, the balance as on 31.03.2023 is Rs.8371912/-. But according to the financial statement, the balance as on 31.03.2023 is

Rs.8368540/-. A difference of Rs.3372/- is seen between the reconciliation statement and the amount in the financial statement.

2. Mismatch of actual balance and balance in balance sheet Eg. CFC grant ( including O.B) tottal amount received 20605287 /- ,expenditure 14553546 ( I6 13344734âÂÂ+ C.C 1208812 ) actual balance should come is IS 6051741 /- . But balance in the balance sheet is recorded as Rs.5177720/-.

3. Demand entries are not recorded in time. A demand entry is made at the end of the year in the ledger in respect of Taxes and Non Taxes revenue.

4. A mismatch in the closing balance amount of Kerala State Cooperative Bank and financial statement, 480672/- as per bank passbook of Kerala State Cooperative Bank. But as per financial statement the amount shown is Rs.79608/-.

5.General Purpose Fund Income as per financial statements is Rs.26662000/- and as per ACR the income is Rs.26817332/- and there is a difference of Rs.155332/- between the amount in financial statement and ACR.

6. A difference of Rs.20000/- exists between the total expenditure of SCP fund in ACR with income and expenditure schedule (I6) . As per I6 the expenditure of SCP fund is 3450351, however Rs. 3430351 has been spent during the year in SCP fund including Geoprojects.

7. Lapse of Maintenance Fund Road amount Rs.2004333/- as per govt order no 8253/5.12.2022 . An Allotment amount Rs.2004333/- not received in Web Sankhya

8 .There is a mismatch between the amounts in the financial statement and the sums entered in the register of Taxes

Eg. Mismatch between property tax as per sanchaya and annual financial statement.

| item | As per annual financial statement | As per sanchaya |
|---|---|---|
| Residential building current receipt | 2797949 (8614 advance) 2789335 | 2933421 |
| balance | 3208 | 17728 |
| Nonresidential building demand current | 5516971 | 6352146 |
| Nonresidential building current receipt | 5388869 | 6352146 |
| balance | 90656 | 444025 |

9.Dues Demand Register Journal Voucher has been checked and no provision has been recorded against the due amount.

10. Block Panchayat share (473703/-) and District Panchayat share (473042) for joint projects in the balance sheet amount is the same as in the previous years.

11. Loan amount of 62331115/- is to be repaid as per the previous year's balance sheet . Below is the actual figure

| loan amount | As per AFS |
|---|---|
| OB | 62331115 |
| Receipt | 17870000 |
| expenditure | 7141050 |
| Balance | 73060065 |

As per the above calculation in the financial statement, the balance due is Rs.73060065/, But according to the balance sheet of the current year, 72831536/- is to be paid as loan.

12 .There are no supporting documents to substantiate the journal vouchers.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്